# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി17/277 /23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെഎസ്എകെടിഎംപി17/277 /23 തീയ്യതി: 17/03/2023

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ. ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഹ്റ അബ്ദുൽഖാദർ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ഫിറോസ് ഖാൻ എ. | സെക്രട്ടറി | 01-04-2021 | 20-07-2021 |
| ശ്രീമതി സുമയ്യ ബീവി | സെക്രട്ടറി | 21-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ജോസഫ് കെ എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിജു സി. എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 05-10-2021 |
| ശ്രീ.സാം മാത്യൂ | മുനിസിപ്പൽ എഞ്ചിനീയർ | 06-10-2021 | 11-01-2022 |
| ശ്രീ. ജോളി കെ വി | മുനിസിപ്പൽ എഞ്ചിനീയർ | 12-01-2022 | 31-03-2022 |
| ശ്രീ. നാസർ സി എ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷൈജു ടി എസ് | പ്രിൻസിപ്പൽ ,ഗവ. എച്ച് എസ് എസ് | 01-04-2021 | 31-03-2022 |
| ഡോ. ജെസ്സി സി കാപ്പൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജിത്ത് വിജയൻ | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി | 01-04-2021 | 30-06-2021 |
| ഡോ. മഞ്ചി മാത്യു പവ്വത്തിൽ | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി | 01-07-2021 | 31-03-2022 |

2021-22 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ പ്രിൻസിപ്പൽ (ഗവ. എച്ച് .എസ്.എസ് ) ആണ് നിർവ്വഹണം നടത്തിയത്.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം-വിശകലനം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം. | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഹൈപ്പർമാർക്കറ്റിന്റെ വസ്തുനികുതി-കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% വർദ്ധനവ് കണക്കാക്കിയില്ല-12,672/- രൂപയുടെ നികുതി നഷ്ടം | 1-11 |
| 12 | സഹകരണ ബാങ്ക് കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത | 1-12 |
| 13 | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വസ്തുനികുതി-മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-13 |
| 14 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല | 1-14 |
| 15 | റവന്യൂ വിഭാഗം നിർണ്ണയിച്ച നികുതി സഞ്ചയ ഡേറ്റാബേസിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല | 1-15 |
| 16 | വസ്തുനികുതി ഡിമാന്റിൽ അപാകത- വാർഷിക ധനകാര്യ പത്രികയും സഞ്ചയ ഡേറ്റാബേസും തമ്മിൽ 5.32 കോടി രൂപയുടെ വ്യത്യാസം | 1-16 |
| 17 | നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-17 |
| 18 | സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-18 |
| 19 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-19 |
| 20 | തടി മില്ലുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-20 |
| 21 | ലൈസൻസ് ഫീസ് ഈടാക്കിയില്ല | 1-21 |
| 22 | ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം പരിഗണിക്കപ്പെടുന്നില്ല | 1-22 |
| 23 | നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ | 1-23 |

| | | |
|---|---|---|
| | സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | |
| 24 | 83,021/- രൂപ വാടക കുടിശ്ശികയുടെ വിശദാംശം ലഭ്യമല്ല | 1-24 |
| 25 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-25 |
| 26 | കടമുറികൾ ലേലം ചെയ്ത് നൽകിയില്ല-നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-26 |
| 27 | കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു | 1-27 |
| 28 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-28 |
| 29 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-29 |
| 30 | ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 1-30 |
| 31 | കരാറുകാരിൽ നിന്നും ഈടാക്കുന്ന ഫൈൻ തുക നഗരസഭാ ഫണ്ടിൽ ലഭിക്കുന്നില്ല | 1-31 |
| 32 | നഗരസഭ ക്വാർട്ടേഴ്സ് വാടക നൽകിയിട്ടും,സെക്രട്ടറിയ്ക്ക് വീട്ടുവാടക അലവൻസ് അനുവദിച്ചത് തിരികെ അടവാക്കി-ഓഡിറ്റ് ഇംപാക്ട് | 1-32 |
| 33 | 95-ാം നം അങ്കണവാടി മെയിന്റനൻസ്&ബഡ്സ് സ്കൂൾ മെയിന്റനൻസ് ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ തുക ചെലവഴിച്ചു | 1-33 |
| 34 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-34 |
| 35 | ടൈപ്പിസ്റ്റ് ശ്രീമതി ഷൈനി കമലിന് യു.ഡി.ടൈപ്പിസ്റ്റിന്റെ ശമ്പളസ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച് | 1-35 |
| 36 | കാലി ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കുന്നില്ല | 1-36 |
| 37 | മണ്ണ് നിറക്കൽ പ്രവൃത്തി കരാറുകാരൻ അധിക തുക നല്കി | 1-37 |
| 38 | റോഡിൽ കോൺക്രീറ്റ് പേവർ ബ്ലോക്ക് വിരിക്കൽ-അപാകതകൾ | 1-38 |
| 39 | സ്മാർട്ട് ഗാർബാജ് മോണിട്ടറിംഗ് സിസ്റ്റം - പ്രോജക്ട് സംബന്ധിച്ച് | 1-39 |
| 40 | മീനച്ചിലാർ പുനർജ്ജനി - നഗരത്തിലെ ആറുകളും തോടുകളും വൃത്തിയാക്കൽ പ്രോജക്ട് സംബന്ധിച്ച് | 1-40 |
| 41 | അംഗനവാടികളിലും ഗവൺമെന്റ് ഓഫീസുകളിലും ബയോബിന്നുകൾ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ-ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 42 | ബയോബിൻ വിതരണം- പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ | 1-42 |
| 43 | എയ്റോബിക് കമ്പോസ്റ്റ് ബിൻ വാങ്ങൽ - ഉപയോഗക്ഷമമല്ലാത്തത് സംബന്ധിച്ച് | 1-43 |
| 44 | ബെയ് ലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-44 |
| 45 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-45 |
| 46 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ലാതെ വീട് മെയിന്റനൻസിന് തുക നൽകി | 1-46 |
| 47 | മരുന്ന് പൂർണ്ണമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-47 |

| | | |
|---|---|---|
| 48 | മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-48 |
| 49 | ജൈവ പച്ചക്കറികൃഷി പ്രോൽസാഹനം ഗ്രോബാഗ് വിതരണം- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നൽകി. | 1-49 |
| 50 | പി.എം.എ.വൈ ഭവനപദ്ധതി- ധനസഹായം തിരിച്ചടച്ചു- പലിശ ഈടാക്കിയത് കുറവ് | 1-50 |
| 51 | പി.എം.എ.വൈ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-51 |
| ഭാഗം **2** | | |
| 1 | ഹൈപ്പർമാർക്കറ്റിന്റെ വസ്തുനികുതി-കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% വർദ്ധനവ് കണക്കാക്കിയില്ല-12,672/- രൂപയുടെ നികുതി നഷ്ടം | 2-1 |
| 2 | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വസ്തുനികുതി-മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല | 2-2 |
| ഭാഗം **3** | | |
| 1 | 95-ാം നം അങ്കണവാടി മെയിന്റനൻസ്&ബഡ്സ് സ്കൂൾ മെയിന്റനൻസ് ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ തുക ചെലവഴിച്ചു | 3-1 |
| 2 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 3-2 |
| 3 | ജൈവ പച്ചക്കറികൃഷി പ്രോൽസാഹനം ഗ്രോബാഗ് വിതരണം- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നൽകി. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2022 തീയതിയിലെ 2/2 നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1,73,17,655 | 2,09,75,648 |
| വരവ് | 25,19,49,500 | 11,22,61,640 |
| ആകെ | 26,92,67,155 | 13,32,37,288 |
| ചെലവ് | 25,23,00000 | 10,97,32,342 |
| നീക്കിയിരിപ്പ് | 1,69,67,155 | 2,35,04,946 |

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ഈരാറ്റുപേട്ട നഗരസഭയുടെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 148,910,232/- രൂപയും ചെലവ് 153,760,536/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 4,850,304/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 187,092,820/- രൂപയും ബാധ്യതകളുടെ മൂല്യം 148,790,586/- രൂപയും ജനറൽ ഫണ്ട് 38,302,234/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2022 തീയതിയിലെ നഗരസഭ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല.

2.നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2021-22 വർഷത്തേക്കുള്ള ബജറ്റ് വിഹിതം ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചത് ടൈഡ്, അൺടൈഡ് എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിൽ വരവായി അക്കൗണ്ട് ചെയ്യെങ്കിലും വർഷാവസാനം രണ്ട് ഫണ്ടുകളും ചേർത്ത് 320200104-Development Fund-Central Finance Commssion Grant-Capital എന്ന ശീർഷകത്തിലേക്ക് ക്രമീകരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നതായി 31/03/2022 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് ടൈഡ്, അൺടൈഡ് എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിൽ നിലനിർത്തേണ്ടതായിരുന്നു.

4.നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന ഡെപോസിറ്റ് രജിസ്റ്റർ ഓരോ നിക്ഷേപങ്ങളുടെയും 2021-22 വർഷത്തെ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ കാലികമാക്കി സൂക്ഷിക്കുന്നില്ല.

5.31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം(Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 18.41 ലക്ഷം രൂപയാണ്. ഏതെല്ലാം കത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് ഡെപോസിറ്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. തൻവർഷം 19.03 ലക്ഷം രൂപ വാടക നിക്ഷേപം തിരികെ നൽകിയത് മുന്നിരിപ്പ് വിശദാംശം ലഭ്യമല്ലാത്തതിനാൽ രജിസ്റ്ററിൽ ക്രമീകരിച്ചിട്ടില്ല. വിശദാംശം സൂക്ഷിക്കാതെ നിക്ഷേപം തിരികെ നൽകുന്നത് ക്രമപ്രകാരമല്ല.

6.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല(അബ്സ്ട്രാക്ട് പ്രകാരം മൂല്യശോഷണ തുക 46.47 ലക്ഷം രൂപയുടെ ഷെഡ്യൂൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല).

8.ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

9.2021-22 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2022 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

10.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11.2021-22 വർഷം പൂർത്തിയാക്കാതെ പാർട്ട് ബിൽ മാത്രം നൽകിയ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ ആസ്തിമൂല്യം Capital Work In Progress ആയി 31/03/2022 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

12.31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം അക്രൂവൽ വരവിനങ്ങളിൽ ലഭിക്കാനുള്ള സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് ഫീസ്, മറ്റ് ഫീസ് ഇനങ്ങളുടെ ഡി.സി.ബി., ഒടുക്കാനുള്ള വ്യക്തി/കുത്തകക്കാരൻ/സ്ഥാപനം, കാലയളവ് എന്നിവ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. 2021-22 വർഷത്തിനു മുൻപുള്ള കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

13.വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയവും മുന്നിരിപ്പും ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14.ഉത്സവ ബത്ത റിക്കവറിയിലെ അപാകത മൂലം(അധിക റിക്കവറി വന്നതിനാൽ) 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 460100400 ശീർഷകത്തിൽ നെഗറ്റീവ് നീക്കിയിരിപ്പ് പ്രതിഫലിക്കുന്നു.

15.മെയിന്റനൻസ് ഗ്രാന്റ്(Non-Road)-ൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത KURDFC വായ്പ തിരിച്ചടവ് 1,830,266/- രൂപ വായ്പ ശീർഷകത്തിൽ(330500201) അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ ടി തുകയുടെ തിരിച്ചടവ് പ്രതിഫലിച്ചിട്ടില്ല.

16.ജീവനക്കാരുടെ തൊഴിൽ നികുതി 3,151,667/-രൂപയുടെ വരവ് തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള 10 ന്റെ ഗുണിതമല്ല. നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പള റിക്കവറിയായി അക്കൗണ്ട് ചെയ്തതുമൂലം റിസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

നഗരസഭയുടെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

ഈരാറ്റുപേട്ട നഗരസഭയുടെ 2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ വരവ്, ചെലവ് , ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20,975,648/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112,261,640/- |

| | |
|---|---|
| ആകെ | 133,237,288/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109,732,342/- |
| നീക്കിയിരിപ്പ് | 23,504,946/- |
| വരവിനങ്ങളിലുള്ള നഷ്ടം | 31806 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 121331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2211699/- |

## 1-4 ഗ്രാന്റ് വിനിയോഗം-വിശകലനം

ഈരാറ്റുപേട്ട നഗരസഭയുടെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയതു പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയവും ചുവടെ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20,621,499/- | 20,621,499/- | 20,534,783/- | 86,716/- | 99.58 |
| വികസന ഫണ്ട്-SCSP | 0 | 885,200/- | 885,200/- | 748,850/- | 136,350/- | 84.60 |
| വികസന ഫണ്ട്- TSP | 0 | 54,100/- | 54,100/- | 0 | 54,100/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 9,305,361/- | 9,305,361/- | 7,129,593/- | 2,175,768/- | 76.62 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 15,622,070/- | 15,622,070/- | 7,797,725/- | 7,824,345/- | 49.91 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,544,050/- | 6,544,050/- | 4,338,884/- | 2,205,166/- | 66.30 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7,047,350/- | 7,047,350/- | 6,914,511/- | 132,839/- | 98.12 |
| NULM ഗ്രാന്റ് | 1,009,339/- | 116,181/- | 1,031,225/- | 1,031,225/- | 0 | - |
| PMAY ഗ്രാന്റ് | 2,980,512/- | 152,761/- | 3,133,273/- | 2,830,097/- | 303,176/- | - |
| SGAY ഗ്രാന്റ് | 1,627/- | 0 | 1,627/- | 0 | 1,627/- | - |
| സാക്ഷരത ഗ്രാന്റ് | 56,271/- | 2,251/- | 58,522/- | 25/- | 58,497/- | - |
| ICDS | 0 | 1,119,607/- | 1,119,607/- | 1,119,607/- | 0 | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്

എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 50,967/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 20,536,000/- | 85,499/- | 20,621,499/- | 216/22-365,000/-<br>217/22-365,000/-<br>230/22-365,000/-<br>206/22-3,626,667/-<br>209/22-1,796,400/-<br>ആകെ-6,518,067/- | 14,103,432/- |
| വികസന ഫണ്ട്-SCSP | 794,000/- | 91,200/- | 885,200/- | 220/22-20,000/-<br>222/22-20,000/-<br>ആകെ-40,000/- | 845,200/- |
| വികസന ഫണ്ട്-TSP | ഇല്ല | 54,100/- | 54,100/- | ഇല്ല | 54,100/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 6,952,000/- | 44,383/-<br>50,967/- | 7,047,350/- | 1,830,266/- | 5,217,084/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 6,544,000/- | 50/- | 6,544,050/- | ഇല്ല | 6,544,050/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 8,044,000/- | 1,261,361/- | 9,305,361/- | ഇല്ല | 9,305,361/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 12,065,000/- | 3,557,070/- | 15,622,070/- | ഇല്ല | 15,622,070/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് ഇതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2.ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3.2021-22 വർഷത്തെ ധനകാര്യ കമ്മീഷൻ ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ധനകാര്യ പത്രികയിൽ ടൈഡ്, അൺടൈഡ് ഫണ്ടുകളിലായി വിഭജിച്ചാണ് പലിശ അക്കൗണ്ട് ചെയ്തിരിക്കുന്നത്.

ബാങ്ക് അക്കൗണ്ടിലെ പലിശ അൺടൈഡ് ഫണ്ടായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

4.വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ 31/03/2022 ൽ ലഭിച്ച ക്യാരി ഓവർ അലോട്ട്മെന്റ് തുകകൾ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

5.മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് 106/22 നം. പ്രോജക്ട് പ്രകാരം 79,001/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

6.സുലേഖ ചെലവ് പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് 3,716,057/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 1,614,601/- രൂപയും ചെലവഴിച്ചിട്ടുണ്ട്. നഗരസഭ ഫണ്ടിലുള്ള വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ പ്രോജ്കട്/പ്രോജക്ടിതര ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ പ്രോജക്ട് ചെവവിന്റെ കൃത്യത വ്യക്തമല്ല.

7.ഗുണഭോക്തൃ വിഹിതത്തിന്റെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളത് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

8.സ്വച്ച് ഭാരത് ഗ്രാന്റിന്റെ വിനിമയ വിശദാംശം ബോധ്യപ്പെട്ടിട്ടില്ല. മുൻ വർഷ നീക്കിയിരിപ്പിൽ നിന്നും തൻ വർഷ മുന്നിരിപ്പ് വ്യത്യാസം കാണുന്നു. (നഗരസഭ ലഭ്യമാക്കിയ പത്രിക പ്രകാരം)

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി 04.02.2021 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 29.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ വാർഡ്സഭകൾ 08.02.2021 മുതൽ 16.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 20.2.2021ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വാർഡ്സഭകൾ ചേർന്നിരുന്നില്ല. നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് വാർഡ്സഭകൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ വാർഡ്സഭ 12.02.2021 ൽ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. നഗരസഭാ കൗൺസിലിന്റെ 20.02.2021ലെ 1(1) നമ്പർ തീരുമാന പ്രകാരം വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവളല്ലല്ലല്ലരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 182 | 83764217 | 135 | 53381556 | 47 | 74.17 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 455500 | 6 | 455500 |
| വെറ്റിനറി സർജൻ | 7 | 1728000 | 7 | 1308000 |
| മെഡിക്കൽ ഓഫീസർ | 6 | 3580000 | 6 | 3349426 |

| | | | | |
|---|---|---|---|---|
| എഫ്.എച്ച്.സി | | | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 500000 | 2 | 499987 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജന സെൽ | 21 | 15147581 | 19 | 12893073 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 7058300 | 4 | 6188304 |
| മുനിസിപ്പൽ സെക്രട്ടറി | 29 | 23525500 | 21 | 16675763 |
| മുനിസിപ്പൽ എൻജിനീയർ | 98 | 31374336 | 64 | 11647559 |
| ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 7 | 395000 | 6 | 363944 |
| ആകെ | 182 | 83764217 | 135 | 53381556 |

2615171/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 2615171/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 20621499 | 20534783 | 86716 |
| വികസന ഫണ്ട് (എസ്.സി.പി) | 885200 | 748850 | 136350 |
| വികസന ഫണ്ട് (ടി.എസ്.പി) | 54100 | 0 | 54100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6544050 | 4338884 | 2205166 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 7047350 | 6914511 | 132839 |
| ആകെ | | | 2615171 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 26 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗത്തിൽ 99.58 ശതമാനവും സംരക്ഷണ ഗ്രാന്റ് റോഡിതര വിഭാഗത്തിൽ 98.12 ശതമാനവും തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും

നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരസഭയുടെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 122 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. നഗരസഭയിലെ 28 വാർഡിലെയും ലേബർ വാർഡ് സഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം 198 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 133 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 84.28 ലക്ഷം രൂപ. 26803 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 35 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. നഗരസഭയിൽ ആകെയുള്ള 147 അയൽക്കൂട്ടങ്ങളിൽ 22 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 257 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോട് ക്ലീനിംഗ്, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 926066 |
| വരവ് | 2021-22 ലെ അലോട്ട്മെന്റ് | 7500000 | 7573211 |
| | ബാങ്ക് പലിശ | 73211 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 8499277 |
| ചെലവ് | വേതനം | 7537869 | 8428104 |
| | സാധന ഘടകം | 351445 | |
| | ശമ്പളം(ഭരണച്ചെലവ്) | 538790 | |
| നീക്കിയിരിപ്പ് | | | 71173 |

കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പും പാസ്ബുക്ക് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ 120 രൂപയുടെയും, കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 168 രൂപയുടെയും വ്യത്യാസമുണ്ട്. ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസിൽ കുറവ് തുക വരുമ്പോൾ ചാർജ് കുറവ് ചെയ്യുന്നതുമൂലമാണ് ഇപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2,040 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1,716,400 | 123 |
| വിധവാ പെൻഷൻ | 10,398,400 | 655 |
| വാർദ്ധക്യകാല പെൻഷൻ | 35,968,000 | 2349 |
| വികലാംഗ പെൻഷൻ | 6,392,300 | 4005 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ | 115,200 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 തീയതിയിൽ 3.45 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,39,865/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം സാമാന്യം തൃപ്തികരമാണ്. ഓഡിറ്റ് വർഷം സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് നഗരസഭയിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) തനത് ഫണ്ട് വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

2) മുൻകൂർ ക്രമീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക 33, 34 കാണുക )

3) ഖരമാലിന്യനിർമ്മാർജന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ആവശ്യമായ ഫീസിബിലിറ്റി പരിശോധന നടത്തിയിട്ടില്ല. (ഖണ്ഡിക 41, 42 കാണുക )

4) തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

5) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/11/2018 – 12/12/2018 | 2013-14 മുതൽ 2017-18 വരെ | LBA(HQ)II/1 /8A-163 /2017-18 തീയതി: |

| | | | |
|---|---|---|---|
| | | | 14/01/2019 |
| പെർഫോർമൻസ് ഓഡിറ്റ് | 01/11/2015-ൽ നഗരസഭയായതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |

## 1-11 ഹൈപ്പർമാർക്കറ്റിന്റെ വസ്തുനികുതി-കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% വർദ്ധനവ് കണക്കാക്കിയില്ല-12,672/- രൂപയുടെ നികുതി നഷ്ടം

നഗരസഭ 20-ാം വാർഡിൽ പ്രവർത്തിക്കുന്ന വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ് എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി (200 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്) നിർണ്ണയിച്ചപ്പോൾ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. മാന്വലായി തയ്യാറാക്കിയ ഫാറം-6 ൽ കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനം ഉള്ളതായി ചേർത്തിട്ടുണ്ട്. എന്നാൽ 2021-22 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ പ്രസ്തുത വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 12,672/- രൂപ നികുതി നഷ്ടം സംഭവിച്ചു. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം./ഉടമ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി(140/- ചതുരശ്രമീറ്ററിന്) | നിർണ്ണയിക്കേണ്ടത്(140/- ചതുരശ്രമീറ്ററിന്) | നികുതി നഷ്ടം |
|---|---|---|---|---|
| 20/1340/A1 ജോബി ജോസഫ്, ഡയറക്ടർ, വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ്, ഈരാറ്റുപേട്ട | Ground Floor-321.27 First-291.93 Second-291.93 ആകെ-905.13 | അടിസ്ഥാന നികുതി-126,718/- വഴി സൗകര്യം വർദ്ധനവ്(20%) -25,344/- തറ നിർമ്മിതി വർദ്ധന(15%) -19,008/- ആകെ -171,070/- LC(5%) - 8,554/- | അടിസ്ഥാന നികുതി-126,718/- വഴി സൗകര്യം വർദ്ധനവ്(20%) -25,344/- തറ നിർമ്മിതി വർദ്ധന(15%) -19,008/- എയർകണ്ടീഷൻ സംവിധാനം(10%) -12,672/- ആകെ -183,742/- LC(5%) - 9,187/- | നികുതിയിൽ കുറവ് (183742-171070) =12,672/- Library Cess 633/- |

നികുതി നിർണ്ണയത്തിലെ അപാകത മൂലം സംഭവിച്ച നികുതി നഷ്ടത്തിന് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2021-22/13.02.2023) നൽകിയതിന് നികുതി നിർണ്ണയ ഫോറം-6 പ്രകാരം കെട്ടിടത്തിന് കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് സംവിധാനമില്ല എന്നറിയിച്ചു. എന്നാൽ നഗരസഭ റവന്യൂ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ 14/02/2023-ൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ എയർ കണ്ടീഷനിങ്ങ് സംവിധാനം സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. മേൽപറഞ്ഞ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് 2021-22 വർഷത്തെ നികുതി നഷ്ടം 12,672/- ഉൾപ്പടെ ഈടാക്കി വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-12 സഹകരണ ബാങ്ക് കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത

നഗരസഭ 27-ാം വാർഡിലുള്ള മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്കിന്റെ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. സഹകരണ ബാങ്കായി പ്രവർത്തിക്കുന്ന സ്ഥാപനം 422.86 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ്ങ് മാൾ കാറ്റഗറിയിൽ ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കാണ് നികുതി

നിർണ്ണയിച്ചത്. ബാങ്ക് ആയതിനാൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്ററിലധികമുള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 90/- രൂപ നിരക്കിലാണ് നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി(70) | നിർണ്ണയിക്കേണ്ടത് (90) | നികുതി നഷ്ടം |
|---|---|---|---|---|
| XXVII/286/A1 ചെയർമാൻ, കെ. എഫ്. കുര്യൻ, മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് | 422.86 ച.മീ. | അടിസ്ഥാന നികുതി – 29600.2 ആകെ വർദ്ധനവ്(35%) -10360.07/- ആകെ 39,960/- | അടിസ്ഥാന നികുതി - 38057.4 ആകെ വർദ്ധനവ്(35%) -13320.1 ആകെ 51,378/- | നികുതി 11,418/- LC-571/- ആകെ- 11,989/- |

2021-22 വർഷം നികുതി നിർണ്ണയിക്കപ്പെട്ട മേൽപറഞ്ഞ കെട്ടിടം കൃത്യമായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കാതിരുന്നതിനാൽ ലൈബ്രറി സെസ്സ് ഉൾപ്പടെ 11,989/- രൂപ നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.36/2021-22/15.02.2023) നൽകിയതിന് മറുപടിയായി ഓഫീസ് കെട്ടിടത്തിന് ബാധകമായ 70/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത് എന്നാണറിയിച്ചത്. ബാങ്ക് കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമാക്കി വാണിജ്യാവശ്യത്തിനുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതാണ്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-13 ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല

നഗരസഭ 27-ാം വാർഡിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ വിവരം കൃത്യമായി കണക്കാക്കാതിരുന്നതിനാൽ നികുതി നഷ്ടം സംഭവിച്ചു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. ടി ഷോപ്പിങ്ങ് കോംപ്ലെക്സിലെ മുറികൾ XXVII/A1 മുതൽ XXVII/A24 വരെ 24 എണ്ണമായിട്ടാണ് നികുതി നിർണ്ണയിച്ചത്. അസസ്മെന്റ് ഫയലും കെട്ടിട കംപ്ലീഷൻ പ്ലാനും പരിശോധിച്ചതിൻ പ്രകാരം ആകെ 1726.54 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ XXVII/A17 ആയി നികുതി നിർണ്ണയിച്ച 309.23 ചതുരശ്രമീറ്റർ ഭാഗത്തിന് മാത്രമാണ് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയത്. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം-6 പ്രകാരം ടി കെട്ടിടത്തിലെ എല്ലാ അസസ്മെന്റുകളും കെട്ടിടങ്ങളുടെ തറ മേൽത്തരം തറ(ടൈൽസ്) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി കെട്ടിടത്തിന്റെ XXVII/A17 ഒഴികെയുള്ള സഞ്ചയ ഡേറ്റാബേസിൽ സാധാരണ തറ എന്നാണ് ചേർത്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി(90/- ചതുരശ്ര മീറ്ററിന്) | നിർണ്ണയിക്കേണ്ടത്(90/- ചതുരശ്ര മീറ്ററിന്) | നികുതി നഷ്ടം |
|---|---|---|---|---|
| XXVII A1 മുതൽ A24 വരെ | 1417.31 അടിസ്ഥാന നികുതി- | അടിസ്ഥാന നികുതി – 127,558/- | അടിസ്ഥാന നികുതി – 127,558/- റോഡിന്റെ | നികുതി 19,134/- LC-957/- |

| | | | | |
|---|---|---|---|---|
| (A17 ഒഴികെ) കൈക്കാരൻ, സെൻ്റ് ജോർജ് ഫെറോന ചർച്ച്, ഈരാറ്റുപേട്ട | 1417.31*90 =127558 | റോഡിൻ്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -25,512/- ആകെ 153,070/- | അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -25,512/- തറ നിർമ്മിതി അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -19,134/- ആകെ 172,204/- | |

2021-22 വർഷം നികുതി നിർണ്ണയിക്കപ്പെട്ട മേൽപറഞ്ഞ പ്രകാരമുള്ള കെട്ടിടം മേൽത്തരം നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 19,134/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2021-22/13.02.2023) നൽകിയതിന് 24 എണ്ണം ഷട്ടർ മുറികളായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് 2021-22 വർഷത്തെ നികുതി നഷ്ടം 19,134/- രൂപയും ഈടാക്കി വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

### 1-14 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ പി ഡി തോമസ്, ടെസി തോമസ്, മാത്യു തോമസ്, പുളിക്കൽ, പൂഞ്ഞാർ എന്ന കെട്ടിട ഉടമകളുടെ 2784.6 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടം XX/A1 മുതൽ XX/A36 വരെ 36 എണ്ണമായിട്ടാണ് നികുതി നിർണ്ണയിച്ചത്. സഞ്ചയ പ്രകാരം ടി കെട്ടിടത്തിലെ എല്ലാ അസസ്സ്മെൻ്റുകളും കെട്ടിടങ്ങളുടെ തറ മേൽത്തരം തറ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസസ്സ്മെൻ്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെയും നികുതി നിർണ്ണയിച്ചു (200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ്ങ് മാൾ കാറ്റഗറിയിൽ ചതുരശ്ര മീറ്ററിന് 140/- രൂപ നിരക്ക്). വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | നികുതി നഷ്ടം |
|---|---|---|---|---|
| XX/617/A1 - A36 പി.ഡി. തോമസ്, ടെസ്സി തോമസ്, മാത്യു തോമസ്, | 2784.6 അടിസ്ഥാന നികുതി- 2784.6*140 =389844 | അടിസ്ഥാന നികുതി - 389844 റോഡിൻ്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -77,969/- ആകെ 467,813/- | അടിസ്ഥാന നികുതി - 389844 റോഡിൻ്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -77,969/- തറ നിർമ്മിതി അടിസ്ഥാനത്തിൽ | നികുതി 58,476/-(526289-467813) LC-2,924/- (57) ആകെ- 61,400/- |

| | | | | |
|---|---|---|---|---|
| പുളിക്കൽ, പൂഞ്ഞാർ | | | വർദ്ധനവ്(15%) -58,476/- ആകെ 526,289/- | |

2021-22 വർഷം നികുതി നിർണ്ണയിക്കപ്പെട്ട മേൽപറഞ്ഞ പ്രകാരമുള്ള കെട്ടിടം മേൽത്തരം നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ ലൈബ്രറി സെസ്സ് ഉൾപ്പടെ 61,400/- രൂപ നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/2021-22/15.02.2023), ഷട്ടർ മുറികളായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. സോഫ്റ്റ് വെയർ നടപടികൾ പൂർത്തിയാക്കി മേൽ കെട്ടിടത്തിന്റെ നികുതി കൃത്യമായി ഡേറ്റാബേസിൽ ഉൾപ്പെടുത്തുകയും നികുതി അടവാക്കിയതിന്റെ രേഖകൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-15 റവന്യൂ വിഭാഗം നിർണ്ണയിച്ച നികുതി സഞ്ചയ ഡേറ്റാബേസിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല

2021-22 വർഷത്തെ വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ, നികുതി നിർണ്ണയ വിവരങ്ങൾ മാന്വലായി റവന്യൂ ഇൻസ്പെക്ടർ തയ്യാറാക്കി നൽകുന്ന ഫോറം-6 പ്രകാരമുള്ളത് കൃത്യമായി ഡേറ്റാബേസിൽ ഉൾപ്പെടുത്തുന്നില്ല എന്ന് കാണുന്നു. അപ്രകാരം നികുതിയിൽ വ്യത്യാസം സഞ്ചയ ഡേറ്റാബേസിൽ വരുന്നതിനാൽ നഗരസഭയ്ക്ക് നികുതി നഷ്ടമുണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | തറവിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (മാന്വൽ ഫോറം-6) പ്രകാരം | സഞ്ചയ ഡേറ്റാബേസിൽ വസ്തുനികുതി | നികുതി നഷ്ടം |
|---|---|---|---|---|
| XX/617/B1 രാജീവ് ജെ., അഞ്ജു രാജീവ്, കാട്ടാറത്ത് നടക്കൽ | 145.95 | അടിസ്ഥാന നികുതി - 20433 ആകെ വർദ്ധനവ്(35%) -7,152/- ആകെ 27,585/- | അടിസ്ഥാന നികുതി - 20433 ആകെ വർദ്ധനവ്(20%) -4,087/- ആകെ 24,520/- | നികുതി 3,065/- |
| XX/617/B6 രാജീവ് ജെ., അഞ്ജു രാജീവ്, കാട്ടാറത്ത് | 130.95 | അടിസ്ഥാന നികുതി - 18333 ആകെ വർദ്ധനവ്(35%) -6,417/- | അടിസ്ഥാന നികുതി - 18333 ആകെ വർദ്ധനവ്(20%) -3,667/- ആകെ | നികുതി 2,750/- |

| | | | | |
|---|---|---|---|---|
| നടക്കൽ | | ആകെ 24,750/- | 22,000/- | |

വലിയ കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോ അസസ്മെന്റും 250 ചതുരശ്രമീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ നിന്ന് ഒഴിവാകുകയും ചെയ്യുന്നതിനാലാണ് മേൽ അപാകത സംഭവിക്കുന്നത്. വലിയ കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന ഒഴിവാക്കപ്പെടുന്നത് നഗരസഭയുടെ നികുതി ഡാറ്റാബേസിലെ ഗുരുതരമായ അപാകതയാണ്. അപ്രകാരം നികുതി നഷ്ടം സംഭവിക്കുന്ന അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/2021-22/15.02.2023), ഷട്ടർ മുറികളായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. സോഫ്റ്റ് വെയറിലെ ക്രമീകരണം കൃത്യമാക്കി നികുതി വർദ്ധനവ് ബാധകമായ എല്ലാ കെട്ടിടങ്ങളേയും ഡേറ്റാബേസിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം കൃത്യമാക്കേണ്ടതാണ്. ഈ വിഷയത്തിലെ എല്ലാ നടപടികളും പൂർത്തിയാക്കിയ ശേഷം വിശദമായ മറുപടി അനുബന്ധരേഖകൾ ഉൾപ്പടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 വസ്തുനികുതി ഡിമാന്റിൽ അപാകത- വാർഷിക ധനകാര്യ പത്രികയും സഞ്ചയ ഡേറ്റാബേസും തമ്മിൽ 5.32 കോടി രൂപയുടെ വ്യത്യാസം

വസ്തുനികുതി ഡിമാന്റ് പരിശോധിച്ചപ്പോൾ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുമായ തുകകളിൽ വലിയ വ്യത്യാസം കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2021-22 വസ്തുനികുതി (സഞ്ചയ പ്രകാരം) | 17,082,497/- | 6,711,076/- | 10,371,421/- |
| 2021-22 വസ്തുനികുതി (ധനകാര്യ പത്രിക പ്രകാരം) | 8,346,748/- | 7,539,870/- | 806,878/- |
| കുടിശിക വസ്തുനികുതി (സഞ്ചയ പ്രകാരം) | 49,537,606/- | 5,554,281/- | 43,983,325/- |
| കുടിശിക വസ്തുനികുതി (ധനകാര്യ പത്രിക പ്രകാരം) | 7,279,499/- | 6,884,557/- | 394,942/- |

2021-22 വർഷം സഞ്ചയ പ്രകാരം 1.71 കോടി രൂപയായിരുന്നു ഡിമാന്റ്. എന്നാൽ 83.47 ലക്ഷം രൂപ മാത്രമാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തത്. തൻവർഷത്തിന് മുൻപുള്ള കുടിശിക ഡിമാന്റ് സഞ്ചയ

പ്രകാരം 4.95 കോടി രൂപയായിരുന്നത് ധനകാര്യ പത്രികയിൽ 72.8 ലക്ഷം രൂപ മാത്രമാണ് പ്രതിഫലിക്കുന്നത്. 31/03/2022 വരെ ഒടുക്കാനവശേഷിക്കുന്ന വസ്തുനികുതി സഞ്ചയ ഡേറ്റാബേസ് പ്രകാരം 5.44 കോടി രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം 12.02 ലക്ഷം രൂപ മാത്രമാണ് 31/03/2022 തീയതിയിലെ ആകെ കുടിശിക. സഞ്ചയ ഡേറ്റാബേസ് പ്രകാരം 31/03/2022 പ്രാബല്യത്തിൽ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയിൽ 5.32 കോടി രൂപ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കണക്കുകളിലെ വ്യത്യാസത്തിനും മേൽപറഞ്ഞ വസ്തുനികുതി ഡിമാന്റിലെ അപാകതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2021-22/13.02.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടേതുൾപ്പടെ സഞ്ചയയിൽ ഡിമാന്റ് നിലനിൽക്കുന്നതിനാലും മുൻകാലങ്ങളിലെ കുടിശിക കളക്ഷൻ മുഴുവൻ സഞ്ചയയിൽ പോസ്റ്റിങ്ങ് പൂർത്തിയാകാത്തതുമാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചു. സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങളും പ്യൂരിഫിക്കേഷന് വിധേയമാക്കുകയും കളക്ഷൻ പോസ്റ്റിങ്ങ് പൂർത്തിയാക്കേണ്ടതുമാണ്. അതിനു ശേഷം ഡേറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. ഡേറ്റാബേസ് അപാകത പരിഹാര നടപടികൾ എല്ലാം പൂർത്തിയാക്കിയ ശേഷം കുടിശിക-കറണ്ട് ഡി.സി.ബി. എന്നിവ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. നടപടികളുടെ പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-17 നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം നഗരസഭ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന ധനകാര്യ, കൺസൽട്ടൻസി, തീയേറ്റർ തുടങ്ങിയ സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | കടന്തോട്ട് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഈരാറ്റുപേട്ട |
| 2. | തകടിയേൽ ഫിനാൻസ്, ഈരാറ്റുപേട്ട |
| 3. | കണ്ണമുണ്ടയിൽ ഫിനാൻസ്, ഈരാറ്റുപേട്ട |
| 4. | സെൻട്രൽ ഫിനാൻസ്, ഈരാറ്റുപേട്ട |
| 5. | എം.എൻ. കൺസൾട്ടൻസി, ഈരാറ്റുപേട്ട |
| 6. | ഗ്രാന്റ് കൺസൾട്ടൻസി, ഈരാറ്റുപേട്ട |
| 7. | അൽ-ഹുദാ ഇൻഷുറൻസ് പോയിന്റ്, ഈരാറ്റുപേട്ട |
| 8. | ന്യൂ ഇന്ത്യ അഷ്യുറൻസ് പോർട്ടൽ ഓഫീസ്, ഈരാറ്റുപേട്ട |
| 9. | JMP ഓട്ടോ കൺസൾട്ടന്റ്, ഈരാറ്റുപേട്ട |
| 10. | JK ഇൻഷുറൻസ് പോയിന്റ്, ഈരാറ്റുപേട്ട |
| 11. | ഇൻഡൽ മണി പ്രൈവറ്റ് ലിമിറ്റഡ്, ഈരാറ്റുപേട്ട |
| 12. | ഷെൽടാക് എഞ്ചിനീയേഴ്സ്, ഈരാറ്റുപേട്ട |
| 13. | അജേഷ് & അസോസിയേറ്റ്സ്, ഈരാറ്റുപേട്ട |
| 14. | കെ.എസ്. ബിജു & അസോസിയേറ്റ്സ്, ഈരാറ്റുപേട്ട |
| 15. | ഇൻജിനിയ ഇന്റർനാഷണൽ ഗ്രൂപ്പ്, ഈരാറ്റുപേട്ട |

| | |
|---|---|
| 16. | കാസ്പർ ടെക്ക് കൺസൾട്ടൻസി, ഈരാറ്റുപേട്ട |
| 17. | Frotis Tours & Travels, ഈരാറ്റുപേട്ട |
| 18. | Infinity Travel Care & Holidays, ഈരാറ്റുപേട്ട |
| 19. | Green Point Travels & Tours, ഈരാറ്റുപേട്ട |
| 20. | Carving Holidays, ഈരാറ്റുപേട്ട |
| 21. | Mass Travels, ഈരാറ്റുപേട്ട |
| 22. | Thayil Priya Tours & Travels, ഈരാറ്റുപേട്ട |
| 23. | MAQBOOL Tours & Travels, ഈരാറ്റുപേട്ട |
| 24. | CCM Travels, ഈരാറ്റുപേട്ട |
| 25. | Hello Tours & Travels, ഈരാറ്റുപേട്ട |
| 26. | AYIN Tours & Travels, ഈരാറ്റുപേട്ട |
| 27. | Al-Safar Holidays Tours & Travels, ഈരാറ്റുപേട്ട |
| 28. | Dezire Kerala Tours & Travels, ഈരാറ്റുപേട്ട |
| 29. | തിരുക്കുടുംബം ഹോളിഡേയ്സ്, ഈരാറ്റുപേട്ട |
| 30. | അക്ബർ ടൂർസ് & ട്രാവൽസ്, ഈരാറ്റുപേട്ട |
| 31. | Fornas Forex Services Pvt. Ltd., ഈരാറ്റുപേട്ട |
| 32. | Spice Money Forign Exchange, ഈരാറ്റുപേട്ട |
| 33. | Money Gram Forign Exchange, ഈരാറ്റുപേട്ട |
| 34. | Rajan's Metro 4K Theatre, ഈരാറ്റുപേട്ട |
| 35. | Surya Multiplex 4K Dolby Atmos Theatre, ഈരാറ്റുപേട്ട |
| 36. | ഫൗസിയ ഓഡിറ്റോറിയം, ഈരാറ്റുപേട്ട |
| 37. | ഡിജിറ്റൽ സേവ കേന്ദ്രം, ഈരാറ്റുപേട്ട |
| 38. | AKS ഓൺലൈൻ സർവ്വീസ് സെന്റർ, ഈരാറ്റുപേട്ട |
| 39. | ബ്ലൂ ഡാർട്ട് DHL കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |
| 40. | DTDC കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |
| 41. | ആലപ്പി പാഴ്സൽ സർവ്വീസ്, ഈരാറ്റുപേട്ട |
| 42. | റീഫോം ലയോള കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |
| 43. | ദി പ്രോഫഷണൽ കൊറിയേഴ്സ് കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |
| 44. | ST French കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |
| 45. | Speed & Safe കൊറിയർ സർവ്വീസ്, ഈരാറ്റുപേട്ട |

മേൽ പറഞ്ഞ സ്ഥാപനങ്ങൾ നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് മൂലം നികുതി വരുമാന നഷ്ടത്തിന് ഇടയാകുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായി. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/2021-22/15.02.2023) നൽകിയതിന് ടി സ്ഥാപനങ്ങൾക്ക് നികുതി ഒടുക്കാൻ നോട്ടീസ് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങളുടേതുൾപ്പടെ നഗരസഭ പരിധിയിൽ 2021-22 വർഷം പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളെയും കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ 2021-22 കാലയളവിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി Prior Period Tax ആയി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം ടേണോവർ

അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയുടെ കുടിശിക ഡി.സി.ബി., ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ്, തുക ഒടുക്കിയ രസീതുകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം നഗരസഭ പരിധിയിൽ അർദ്ധവാർഷിക വരുമാനം 12,000/- രൂപയിൽ കൂടുതലുള്ള തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2021-22 വർഷം നഗരസഭ ലഭ്യമാക്കിയ സ്ഥാപന ലിസ്റ്റിലുള്ള ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്(ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പ്രകാരം) | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ്, ഈരാറ്റുപേട്ട | II |
| 2. | TTC മൗൾഡിങ്ങ് | I |
| 3. | നീതി മെഡിക്കൾ സ്റ്റോർ, അരുവിത്തുറ | I |
| 4. | ജനത ഹോസ്പിറ്റൽ, ഈരാറ്റുപേട്ട | I |
| 5. | അൽ-മദീന ഹോട്ടൽ, ഈരാറ്റുപേട്ട | I |
| 6. | മീനച്ചിൽ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്ക് | I |
| 7. | കാഞ്ഞിരക്കാട്ട് സിൽക്ക്സ്, ഈരാറ്റുപേട്ട | I&II |
| 8. | പുളിക്കേൽ ടെക്സ്റ്റൈൽസ്, ഈരാറ്റുപേട്ട | II |
| 9. | പുളിക്കേൽ സൂപ്പർ മാർക്കറ്റ്, ഈരാറ്റുപേട്ട | II |
| 10. | മുഗൾ ഹോട്ടൽ, ഈരാറ്റുപേട്ട | I&II |
| 11. | പി.എം.സി. ഹോസ്പിറ്റൽ, ഈരാറ്റുപേട്ട | II |
| 12. | ഗ്രാന്റ് ഹോട്ടൽ, ഈരാറ്റുപേട്ട | I&II |
| 13. | കേരള ബാങ്ക്, മുട്ടം കവല, ഈരാറ്റുപേട്ട | I&II |
| 14. | മോർ റീറ്റെയിൽ ലിമിറ്റഡ്, ഈരാറ്റുപേട്ട | I |
| 15. | പോസ്റ്റ് ഓഫീസ്, ഈരാറ്റുപേട്ട | I |
| 16. | റിലൈൻസ് സ്മാർട്ട് പോയിന്റ്, ഈരാറ്റുപേട്ട | I |
| 17. | സെന്റ് ജോർജ് കോളേജ് നോൺ ടീച്ചിങ്ങ് സ്റ്റാഫ്, ഈരാറ്റുപേട്ട | II |
| 18. | സെന്റ് ജോർജ് കോളേജ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഈരാറ്റുപേട്ട | II |
| 19. | MGHSS നടക്കൽ, ഈരാറ്റുപേട്ട | I |
| 20. | MGHSS (ഹൈസ്കൂൾ) നടക്കൽ, ഈരാറ്റുപേട്ട | I |

| | | |
|---|---|---|
| 21. | പ്രവീൺ ജനറൽ ട്രേഡിങ്ങ് കമ്പനി, ഈരാറ്റുപേട്ട | I&II |
| 22. | KPB നിധി ലിമിറ്റഡ്, ഈരാറ്റുപേട്ട | I |
| 23. | വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ്, ഈരാറ്റുപേട്ട | I&II |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനം ആണെന്നിരിക്കെ പ്രസ്തുത നികുതി അതാത് വർഷം തന്നെ ഒടുക്കാതിരിക്കുന്നത് നഗരസഭയ്ക്ക് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കും. നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്ന് 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നികുതി വരുമാന നഷ്ടത്തിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.29/2021-22/14.02.2023) നൽകിയതിന് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ സ്ഥാപന മേധാവികൾക്ക് നികുതി ഒടുക്കാൻ നോട്ടീസ് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങളിൽ 2021-22 കാലയളവിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി നിലവിൽ Prior Period Tax ആയി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ്, തുക ഒടുക്കിയ രസീതുകൾ എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും ഫീസ് നിശ്ചയിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ആയി 21-22 വർഷം കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം / ഉപയോഗത്തിന്റെ തരം | ഉടമ | കെട്ടിട നം. | മൂലധന നിക്ഷേപം | മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|---|
| 1 | മെറീന ടൂറിസ്റ്റ് ഹോം ബാർ ഹോട്ടൽ | ജോസഫ് മാത്യു പാറയിൽ | 2/477,478,479 | 61.94ലക്ഷം | സേവന മേഖല | 1000 | 5000 |

അപാകത സംബന്ധിച്ച് 14.02.2023 ൽ നൽകിയ എൻക്വയറി നം.24 ന് മറുപടിയായി ബാലൻസ് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഫീസ് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 തടി മില്ലുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 168 എന്നിവ പ്രകാരം ലൈസൻസ്

ഇല്ലാതെ തടി മില്ലുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തടി മില്ലുകൾ എന്ന ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | VIII/338 A | ഷാജി മുഹമ്മദ് റാവുത്തർ ചെറിയവല്ലത്ത് |
| 2 | XX/2035 | ഈപ്പൻ കെ മാൻകുന്നം |

ലൈസൻസില്ലാതെ തടി മില്ലുകൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/15.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തടി മില്ലുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ലൈസൻസ് ഫീസ് ഈടാക്കിയില്ല

01.02.2011-ലെ കേരള ഗസറ്റ് നമ്പർ 227-ൽ എസ്.ആർ.ഒ. നം.84/2011-ആയി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത ചട്ടങ്ങളിലെ 1, 2 പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവർത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലുമൊരാൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും സുതാര്യമായ മാനദണ്ഡ പ്രകാരം എ, ബി, സി എന്നീ വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം, 2-ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ച് ചുമത്താവുന്നതാണെന്നും ചട്ടം 7-ൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ ലൈസൻസിനായി നഗരസഭയിൽ അപേക്ഷ നൽകിയിരുന്നെങ്കിലും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | ഉടമ | സ്ഥാപനത്തിന്റെ പേര് / ഉപയോഗത്തിന്റെ തരം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ആസിഫ് ടി എം | ആക്രി വ്യാപാരം | 3/114 |
| 2 | സെയ്ദ് മുഹമ്മദ് | ഹോംലി ഫുഡ് പ്രോഡക്ട്സ് | 3/648 |
| 3 | നിഫാ യൂസഫ് | നൂറിൽ പർദാസ് | 8/180 |
| 4 | വിത്സൺ തോമസ് | മണ്ഡപത്തിൽ ജ്വവലറി | 12/1265 B |
| 5 | ഡോ.രാജീവ് പുത്തൻപുരക്കൽ | ആയുർവേദ ഫാർമസി | 12/1004 C |
| 6 | വി എം താഹിർ | ഫ്രണ്ട്സ് ബേക്കറി | 15/165 |

| | | | |
|---|---|---|---|
| 7 | സൈഫുദ്ധീൻ | ഫെറ നൈറ്റി സെന്റർ | 19/361 |
| 8 | ബഷീർ ഇ പി | മൽസ്യ വ്യാപാരം | 20/2026 |

കൂടാതെ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, ടോഡി ഷോപ്പുകൾ, അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദങ്ങൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയും 2021-22 വർഷം ലൈസെൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-22 ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം പരിഗണിക്കപ്പെടുന്നില്ല

ഈരാറ്റുപേട്ട നഗരസഭയിൽ 2021-22 വർഷത്തിൽ ലഭ്യമായ FACTEOS ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. ലൈസൻസ് അപേക്ഷയിന്മേലുള്ള സെക്ഷൻ ക്ലാർക്കിന്റെ റിപ്പോർട്ടിൽ മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക മൂലധന നിക്ഷേപമായി പരിഗണിച്ച് ലൈസൻസ് ഫീ നിശ്ചയിക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമായുള്ള സംരംഭങ്ങളുടെ ലൈസൻസ് അപേക്ഷകളിലും മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപ്പെടുത്തിയ തുകയേക്കാൾ കുറഞ്ഞ തുക മൂലധന നിക്ഷേപമായി സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തി ലൈസൻസ് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ടി അപേക്ഷകൾ പരിഗണിക്കുമ്പോൾ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കുറഞ്ഞ തുക മൂലധന നിക്ഷേപമായി പരിഗണിച്ച് ലൈസൻസ് ഫീസ് നിർണയിച്ചിട്ടുള്ളതായി കാണുന്നു.

വലിയ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന കുറഞ്ഞ മൂലധന നിക്ഷേപം ആധാരമാക്കി ലൈസൻസ് ഫീസ് കണക്കാക്കുന്നത് നഗര സഭയുടെ വരുമാനത്തിലുള്ള കുറവിന് കാരണമാകും. ലൈസൻസിനായുള്ള അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം നഗരസഭാപരിധിയിൽ വ്യാപാര, വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ തരം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 3624 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 940 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 5 |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 153 |
| അസംബ്ലി കെട്ടിടം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 387 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 8 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 27 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 52 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 102 |
| ആകെ | 5298 |

സഞ്ചയയിലെ വിശദാംശം പ്രകാരം നഗരസഭാ പരിധിയിൽ 5298 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണയിച്ച് നൽകിയിട്ടുള്ളതാണ്. 2021-22 വർഷം 723 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. നഗരസഭാപരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-24 83,021/- രൂപ വാടക കുടിശ്ശികയുടെ വിശദാംശം ലഭ്യമല്ല

മുനിസിപ്പാലിറ്റിയുടെ 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടക കുടിശിക ഇനത്തിൽ 83,021/- രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് ലഭിക്കുവാൻ അവശേഷിക്കുന്നു. എന്നാൽ ടി കുടിശിക തുക ഏത് കാലയളവിൽ ഏതെല്ലാം കുടിശ്ശികക്കാരാണ് ഒടുക്കുവാനുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കുടിശിക ഡിമാൻഡ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശിക ഡിമാൻഡ് വിശദാംശങ്ങൾ സൂക്ഷിക്കാതെ കുത്തകക്കാരിൽ നിന്നും വാടക കുടിശിക ഈടാക്കുവാൻ സാധിക്കില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ മുനിസിപ്പൽ ഫണ്ടിന് 83,021/- രൂപ വാടക കുടിശിക നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/13.02.2023) മറുപടി ലഭ്യമാക്കിയില്ല. അക്രുവൽ വരവിനങ്ങളുടെ കൃത്യമായ ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായി ഡി.സി.ബി, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചെങ്കിൽ മാത്രമേ വരവിനങ്ങൾ കൃത്യമായി ഈടാക്കുന്നതിന് സാധിക്കുകയുള്ളൂ. കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ ഒടുക്കാനുള്ള വ്യക്തി, സ്ഥാപനത്തിന്റെ വിവരം, കാലയളവ് തുടങ്ങിയ എല്ലാ വിശദാംശങ്ങളും തയ്യാറാക്കി കുടിശിക ഈടാക്കേണ്ടതാണ്.

## 1-25 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക | | | | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|---|
| | | | നിരക്ക് | SGST + | ഫ്ലഡ് സെസ് | ആകെ | | |

| | പേര് | | | CGST | (2021 ജൂലൈ 31വരെ) | | | |
|---|---|---|---|---|---|---|---|---|
| 1 | ഹഫീസ് എം ഇ | പ്രൈവറ്റ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം.7 | 6571 | 1184 | 66 | 7821 | 2021 ജൂലൈ- 2022മാർച്ച് | 7821+7755*8= 69,861/- |
| 2 | ജോസ് തെക്കേൽ | പ്രൈവറ്റ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.20 | 1793 | 324 | - | 2117 | 2022 ജനവരി - 2022 മാർച്ച് | 2117*3= 6,351/- |
| 3 | പി എം സവാദ് | പ്രൈവറ്റ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.21 | 1793 | 324 | 18 | 2135 | 2021ഏപ്രിൽ, 2021 ജൂലൈ- 2022 മാർച്ച് | 2135*2+2117*8 = 21,206/- |
| 4 | പ്രസിഡന്റ്, നമ്മക്കൂട്ടം ഓഫീസ് | പ്രൈവറ്റ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം.41 | 535 | 96 | 5 | 636 | 2021ഏപ്രിൽ, 2021 ജൂലൈ- 2022 മാർച്ച് | 636*2+ 631*8 = 6,320/- |
| | ആകെ | | | | | | | 1,03,738/- |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/14.02.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-26 കടമുറികൾ ലേലം ചെയ്ത് നൽകിയില്ല-നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ/മുറികൾ വാടകക്ക് പോകാതെ ഒഴിഞ്ഞു കിടക്കുന്നതായി ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

2017 ൽ നിർമ്മാണം പൂർത്തിയാക്കിയ ഹൈജീനിക് മാർക്കറ്റ് കോപ്ലക്സ് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആകെ 20 മുറികളുള്ള മാർക്കറ്റ് കോംപ്ലക്സിൽ നിലവിൽ 5 മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. കോംപ്ലക്സിൽ ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറിയുടെ വിവരം |
|---|---|
| 1 | റൂം A4 |
| 2 | റൂം B2 |
| 3 | റൂം B3 |

| | |
|---|---|
| 4 | റൂം B4 |
| 5 | റൂം B6 |

ആകെ 20 മുറികളുള്ള കോംപ്ലക്സിന്റെ ഒരുമുറി എൻ.യു.എം.എൽ ന്റെ പ്രവർത്തനത്തിനായി വിട്ടു നൽകിയിരിക്കുകയാണ്.

2. പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | മുറിയുടെ വിവരം |
|---|---|
| 1 | റൂം നം. 19 |
| 2 | റൂം നം. 35 |

ടി മുറികൾ നിലവിൽ ഒഴിഞ്ഞ് കിടക്കുകയാണ്.

3. കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | മുറിയുടെ വിവരം |
|---|---|
| 1 | റൂം A |
| 2 | റൂം B |
| 3 | റൂം C |
| 4 | റൂം E |
| 5 | റൂം F |
| 6 | റൂം G |

കടുവാമൂഴി പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മേൽപ്പറഞ്ഞ മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അഗ്രി ഹുണാർ ഹബ്, മൾട്ടി പർപ്പസ് ഹുണാർ ഹബ് എന്നിവ സ്ഥാപിക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷ ക്ഷേമമന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും 3.24 കോടി രൂപ നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ വിഭാവനം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല .

നഗരസഭയുടെ മേൽപ്പറഞ്ഞ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി നിരവധി കെട്ടിടമുറികൾ ഒഴിവായി കിടക്കുന്നതിനാൽ തനത് വരുമാനത്തിൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ടി കെട്ടിട മുറികൾ ലേലം ചെയ്ത് കൊടുക്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

1-27 കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം നഗരസഭയ്ക്ക് വ്യാപാരത്തിനോ അല്ലാതെയോ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കട മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, വാടക നിരക്കും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണെന്ന് മേൽ വകുപ്പിന്റെ ഉപവകുപ്പ് 3 ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈരാറ്റുപേട്ട നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി വ്യക്തമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ലെന്ന് കാണുന്നു. താഴെ പറയുന്ന വാടകക്കാർക്ക് കരാർ ചമയ്ക്കാതെയാണ് മുറികൾ നൽകിയിട്ടുള്ളത്.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | മുറി നം. | വാടകക്കാരന്റെ പേര്, വിലാസം | പ്രതിമാസ വാടക |
|---|---|---|---|---|
| 1 | പ്രൈവറ്റ് | 7 | ഹഫീസ് .എം.സി | 6141 |

| | | | | |
|---|---|---|---|---|
| 2 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 10 | പി.ജെ.ജോൺസൻ | 3909 |
| 3 | | 17 | നിയാസ് -വെള്ളൂപ്പറമ്പിൽ | 3909 |
| 4 | | 18 | ഒ.എ. നജീബ് | 3909 |
| 5 | | 20 | ജോസ് -തെക്കേൽ | 1676 |
| 6 | | 21 | പി.എം.സവാദ് | 1676 |
| 7 | | 22 | ജോർജ്.റ്റി.ജെ | 1676 |
| 8 | | 23 | അനസ്.പി.പി,പുത്തൻപറമ്പിൽ | 1676 |
| 9 | | 30 | അഭിലാഷ്.കെ.മാത്യു | 1676 |
| 10 | | 32 | കെ.എസ്.മുഹമ്മദ് ബഷീർ | 1676 |
| 11 | | 33 | ജോർജ്.റ്റി.എ | 1676 |
| 12 | | 34 | പി എ ജോർജ് | 1793 |
| 13 | | 36 | നിയാസ്.വി.എ | 1676 |
| 14 | | 37 | സ്വാലിഹ് കെ എസ് | 3909 |
| 15 | | 38 | എ.കെ.അബ്ദുൾ കാദർ | 6141 |
| 16 | | 39 | ഹഫീസ് .എം.ഇ | 2233 |
| 17 | | 40 | ഷീബാമോൾ | 5025 |
| 18 | | 41 | പ്രസിഡന്റ്, നന്മക്കൂട്ടം | 631 |
| 19 | വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം | 4/405 A | ഉമ്മർ, മറ്റക്കാട് | 4682 |
| 20 | | 4/405 B | നജ്മ സെയ്ദ് | 4682 |
| 21 | | 4/405 D | ഷെറീഫ് കാസിം | 4682 |
| 22 | | 4/405 E | ബഷീർ ഇ പി | 5010 |

കുറഞ്ഞത് 200 രൂപയുടെയെങ്കിലും മുദ്രപ്പത്രത്തിലാണ് വാടക കരാർ ചമയ്ക്കേണ്ടിയിരുന്നത്. കുത്തകക്കാരുമായി കരാർ ചമയ്ക്കാതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് 4400/- രൂപ (200*22) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെ വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ വാടകക്കാർക്കെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്. കുത്തകക്കാരുമായി യഥാസമയം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (37/15.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കുത്തകക്കാരിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഈടാക്കാനുള്ള തുക 350200127 - Stamp Recovery ശീർഷകത്തിൽ നഗരസഭാ ഫണ്ടിലേക്ക് അടവാക്കിയ ശേഷം നിശ്ചിത ശീർഷകത്തിൽ ട്രഷറിയിലേക്ക് ഒടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തര ഇടപെടൽ നടത്തി എല്ലാ കെട്ടിടങ്ങളെയും കരാറിന്റെ പരിധിയിൽ കൊണ്ടുവരുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് .

1-28 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2021-22 വർഷം 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | എമിനന്റ് സ്റ്റഡി സെന്റർ |
| 2 | അധീന അക്കാദമി |
| 3 | C C M Y കോച്ചിങ് സെന്റർ |
| 4 | ഡിവൈൻ എഡ്യൂക്കേഷൻ സെന്റർ |
| 5 | സ്റ്റുഡന്റ്സ് പോയിന്റ് |
| 6 | ന്യൂ ബ്രില്യന്റ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 7 | സുവർണ്ണ ഇൻസ്റ്റിറ്റ്യൂട്ട് |
| 8 | നൂറ ട്യൂഷൻ സെന്റർ |
| 9 | മിന ട്യൂഷൻ സെന്റർ |
| 10 | സി - കാഡ് ട്രെയിനിങ് സെന്റർ |
| 11 | ജി- ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 12 | സി-സോഫ്റ്റ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 13 | ടാലി അക്കാദമി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/14.02.2023) മറുപടി ലഭ്യമാക്കിയില്ല. ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്. മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള മുനിസിപ്പാലിറ്റി (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിച്ച വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രെജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രെജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | ഉടമ | കെട്ടിട നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡി ഇ നഴ്സിങ് ഹോം ഔട്ട്പേഷ്യന്റ് ക്ലിനിക്ക് | സെബാസ്റ്റ്യൻ സക്കറിയാസ് | III/590 |
| 2 | ഡാൻജോസ് ഡെന്റൽ ക്ലിനിക് | ജോസഫ് തോമസ് | XXVIII/129B1 |
| 3 | ഹീരാസ് ലൈഫ്കെയർ ആക്യുപങ്ചർ ക്ലിനിക് | പി എം നവാസ് | XX/1142 |

മുൻകൂർ രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ചട്ടം പാലിക്കപ്പെട്ടിട്ടില്ല. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 314 പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 1000/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

എൻക്വയറി (നം.26/14.02.2023) നൽകിയതിനെത്തുടർന്ന് ക്രമ നമ്പർ 1, 2 സ്ഥാപനങ്ങളിൽനിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കി അടവാക്കിയിട്ടുണ്ട്. ക്രമനമ്പർ 3-ൽ പറയുന്ന സ്ഥാപനത്തിൽ നിന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീ ഈടാക്കി അറിയിക്കേണ്ടതാണ്. മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സെക്രട്ടറിയും മുനിസിപ്പാലിറ്റി ആരോഗ്യ വിഭാഗവും ശ്രദ്ധിക്കേണ്ടതാണ് .

## 1-30 ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നഗരസഭയുടെ തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നീ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അനുബന്ധരേഖകളും രജിസ്റ്ററുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മേൽ പറഞ്ഞ ഇനങ്ങളിലെ പിരിവ് നടപടികളുടെ സുതാര്യതയും കൃത്യതയും വ്യക്തമല്ല. അപാകതകൾ താഴെ വിവരിക്കുന്നു.

1. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ അക്രുവൽ വരവുകളുടെ വാർഷിക ഡിമാന്റ് കണക്കാക്കിയിട്ടില്ല.

2. 2021-22 വർഷം ലഭിച്ച അക്രുവൽ വരവുകളായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ), വാടക, ലൈസൻസ് എന്നീ ഡിമാന്റ് രജിസ്റ്ററുകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രിക കൗൺസിൽ അംഗീകരിച്ച് ഓഡിറ്റിന് അയയ്ക്കുന്ന സമയത്ത് അനുബന്ധരേഖകളിലെയും രജിസ്റ്ററുകളിലെയും കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. കണക്കുകൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാത്തതിനാൽ അക്രുവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. തൊഴിൽ നികുതി(ജീവനക്കാർ) വരവ് കണക്കുകൾ 2021-22 വർഷത്തേത് ക്രോഡീകരിച്ചിട്ടില്ല. ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാരാണ് ഒടുക്കിയത് എന്നത് വ്യക്തമല്ല.

വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കാതിരുന്നതും സ്ഥാപന മേധാവി പരിശോധിക്കാതിരുന്നതും വരവ് കളക്ഷൻ പുരോഗതി നിരീക്ഷിക്കുന്നതിൽ സ്ഥാപനം വരുത്തിയ ഗുരുതര വീഴ്ചയാണ്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ്

അന്വേഷണക്കുറിപ്പ് (നം.18/2021-22/14.02.2023) നൽകിയതിന് ജീവനക്കാരുടെ കുറവ് മൂലമാണ് രജിസ്റ്ററുകൾ കാലികമാക്കാത്തത് എന്നാണറിയിച്ചത്. അക്രുവൽ വരവായ ട്രേഡർമാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡി.സി.ബി., കുടിശിക ഡി.സി.ബി. എന്നിവ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി കുടിശികയായി 31/03/2022 ലെ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്ന നികുതി ഏതെല്ലാം സ്ഥാപനങ്ങൾ ഏതൊക്കെ കാലയളവിൽ ഒടുക്കാനുള്ളതാണ് എന്ന് കണ്ടെത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 കരാറുകാരിൽ നിന്നും ഈടാക്കുന്ന ഫൈൻ തുക നഗരസഭാ ഫണ്ടിൽ ലഭിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ്/നം | കോളജ്പടി-കൊണ്ടൂർ അമ്പലം പടി റോഡ്, 119/22 |
| കരാറുകാരൻ | റ്റി എ സുലൈമാൻ |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ചെലവ് | 193906/-(ബിൽ നം 119/21 31/05/2021) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കിഴിവ് കുറച്ചുള്ള വേലമൂല്യമായ 178484.38 രൂപയിൽ നിന്നും, യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴയായി 5354.53 രൂപ കുറക്കുകയും, ബാക്കി തുക പിൻവലിച്ച് കരാറുകാരനും, നികുതി വിഹിതങ്ങൾക്കുമായി ചെലവഴിക്കുകയും ചെയ്തു. കിഴിവുകൾ കഴിഞ്ഞ് കരാറുകാരന് നല്കേണ്ട തുകയിൽ നിന്നും പിഴ തുക ഈടാക്കി തനത് ഫണ്ടിൽ അടക്കുന്നതിന് പകരം ബില്ലിൽ കുറച്ചതിലൂടെ 5354.53 രൂപ തനത് ഫണ്ടിൽ ലഭിക്കേണ്ടത് നഷ്ടപ്പെടുത്തിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (21/14-2-2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-32 നഗരസഭ ക്വാർട്ടേഴ്സ് വാടക നൽകിയിട്ടും,സെക്രട്ടറിയ്ക്ക് വീട്ടുവാടക അലവൻസ് അനുവദിച്ചത് തിരികെ അടവാക്കി-ഓഡിറ്റ് ഇംപാക്ട്

30.6.2021 ൽ ഈരാറ്റുപേട്ട നഗരസഭയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച സെക്രട്ടറിയ്ക്ക് നഗരസഭ താമസസൗകര്യം ഒരുക്കി പ്രതിമാസം 10000 രൂപ വാടകയിനത്തിൽ നൽകി വരുന്നുണ്ട്. സർക്കുലർ നം.10/84/Fin Dt.21.2.1984 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ള ഓഫീസർമാർക്ക് വീട്ടുവാടകബത്ത അനുവദിനീയമല്ല. നഗരസഭ സെക്രട്ടറി ശ്രീമതി സുമയ്യബീവി 7/21മുതൽ 3/22 വരെയുള്ള കാലയളവിൽ വീട്ടുവാടകബത്തയിനത്തിൽ 18174/രൂപ കൈപ്പറ്റിയതായി ടിയാരിയുടെ പേസ്ലിപ്പ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. അനുവദിച്ച വീട്ടുവാടകബത്തയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അടിസ്ഥാന ശമ്പളം | അനുവദിച്ച വീട്ടുവാടകബത്ത |
|---|---|---|
| 7/21 | 41500 | 1250 |
| 8/21 | 41500 | 1250 |
| 9/21 | 41500 | 1250 |
| 10/21 | 41500 | 1250 |
| 11/21 | 41500 | 1250 |
| 12/21 | 41500 | 1250 |
| 1/22 | 59300 | 3558 |

| | | |
|---|---|---|
| 2/22 | 59300 | 3558 |
| 3/22 | 59300 | 3558 |
| | ആകെ | 18174 |

വീട്ടുവാടകബത്തയിനത്തിൽ കൈപ്പറ്റിയ 18174/-രൂപ തിരികെ സർക്കാരിലേയ്ക്ക് അടവാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ (നം.9/14.2.23) സെക്രട്ടറി കൈപ്പറ്റിയ 18174 രൂപ രസീത് നം.01/122150900499 പ്രകാരം നഗരസഭാഫണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ട്. ടി തുക സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

ഗവ. ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരിൽ നിന്നും 2% വാടക റിക്കവറി നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം വാടക റിക്കവറി നടത്തിയിട്ടില്ല. വാടകറിക്കവറിയിനത്തിൽ 2% തുക റിക്കവറി നടത്തി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സർക്കാർ വക ക്വാർട്ടേഴ്സോ, നഗരസഭ ക്വാർട്ടേഴ്സോ നഗരസഭപരിധിയിൽ ഇല്ലാത്തതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനപ്രകാരം സ്വകാര്യവ്യക്തിയുടെ വീട് വാടകയ്ക്ക് എടുത്ത് നൽകിയിട്ടുള്ളതിനാൽ 2% തുക വാടകയിനത്തിൽ കുറവ് വരുത്തിയിട്ടില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സ്വകാര്യ വ്യക്തിയുടെ കെട്ടിടമാണെങ്കിലും സെക്രട്ടറിയുടെ വീട്ടുവാടകയുടെ ബാധ്യത പൂർണ്ണമായും നഗരസഭ വഹിക്കുന്നതിനാൽ 2% തുക സെക്രട്ടറിയുടെ അടിസ്ഥാന ശമ്പളത്തിൽ നിന്നും റിക്കവറി നടത്തേണ്ടതാണ്.

1-33 95-ാം നം അങ്കണവാടി മെയിന്റനൻസ്&ബഡ്സ് സ്കൂൾ മെയിന്റനൻസ് ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ തുക ചെലവഴിച്ചു

| |
|---|
| ഫയൽ നം.E2-3171/21 |
| എം.ബുക്ക് നം. 42/18-19 |
| ടി.എസ് നം. 22002/21-22 |
| ചെക്ക് നം. 191408/25.5.21, തുക -200,000(വൗച്ചർ നം.22100126/3.6.21) |

95-ാം നം അങ്കണവാടി മെയിന്റനൻസ് & ബഡ്സ് സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായി 200,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 25.5.21 ൽ അഡ്വാൻസ് നൽകിയിരുന്നു. ടി പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അവസാനത്തെ 2 ഇനങ്ങൾ എം.ബുക്ക് പ്രകാരം ചെയ്തിട്ടില്ല. ആകെ വേലമൂല്യം 130168.95 രൂപയാണ്. ആകെ വേലമൂല്യത്തിൽ ലിമിറ്റ് ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ അഡ്വാൻസ് തുക പൂർണ്ണമായും ചെലവഴിച്ച് മസ്റ്റർറോളും, ബില്ലുകളും തയ്യാറാക്കിയ നടപടി ക്രമപ്രകാരമല്ല. 26.5.21 ൽ ചേർന്ന മുനിസിപ്പൽ കൗൺസിലിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് 14 കൗൺസിലർമാർ വിയോജനക്കുറിപ്പും രേഖപ്പെടുത്തിയിരുന്നു. 50,000/-രൂപയ്ക്ക് പെറ്റി വർക്കുകൾ തയ്യാറാക്കാനാണ് നഗരസഭയ്ക്ക് സർക്കാർ അനുമതിയുള്ളൂ. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പിലാക്കിയതിനും, ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ 69831/ രൂപ (200000- 130168.95) എഞ്ചിനീയർക്ക് അധികമായി നൽകിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/14.02.2023) മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം, അഡ്വാൻസ് കൈപ്പറ്റിയ തുക മൂന്ന് മാസത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ രണ്ട് ലക്ഷം രൂപയിൽ ക്രമീകരിയ്ക്കാൻ അവശേഷിക്കുന്ന 69831 രൂപ പലിശ സഹിതം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-34 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

| |
|---|
| ഫയൽ നം. E-1800B |

| |
|---|
| വൗച്ചർ നം. 22100162/15.6.21, തുക-50,000 രൂപ |
| ചെക്ക് നം.191429/15.6.21 |

മുനിസിപ്പൽ ഓഫീസ് മെയിന്റനൻസിനായി 50,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ടി തുക ക്രമീകരിച്ചതിന്റെയും, പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 40/16.2.23) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ ആയി കൈപ്പറ്റുന്ന തുക മൂന്ന് മാസത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. 50,000 രൂപ അഡ്വാൻസ് കൈപ്പറ്റിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പലിശ സഹിതം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ടൈപ്പിസ്റ്റ് ശ്രീമതി ഷൈനി കമലിന് യു.ഡി.ടൈപ്പിസ്റ്റിന്റെ ശമ്പളസ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച്

ഫയൽ നം. G1(A2)-4507/17

14.2.2018 ൽ ഈരാറ്റുപേട്ട നഗരസഭയിൽ എൽ.ഡി.ടൈപ്പിസ്റ്റായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി ഷൈനി കമാലിന്റെ പ്രൊബേഷൻ 14.2.20 പ്രാബല്യത്തിൽ ഡിക്ലയർ ചെയ്തിട്ടുണ്ട്. നഗരകാര്യഡയറക്ടറുടെ 25.2.22 ലെ ഇ9/19710/2013(വോള്യം-2) ഉത്തരവ് പ്രകാരം ടിയാൾക്ക് പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ റേഷ്യോ പ്രമോഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 5.7.20 മുതൽ 28.2.22 വരെ ടിയാൾ ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അവധി അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് 13.12.22ൽ DUA/7966/2022-E9 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. അവധി അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ, ടിയാൾക്ക് 14.2.20 പ്രാബല്യത്തിൽ യു.ഡി. ടൈപ്പിസ്റ്റായി പ്രമോഷൻ ലഭിച്ചിട്ടുള്ളതിനാൽ യു.ഡി. ടൈപ്പിസ്റ്റിന്റെ ശമ്പളം നിർണയിച്ച് ശമ്പളം നൽകാൻ വേണ്ട നടപടി സ്വീകരിക്കുകയും, ശൂന്യവേതനാവധി നഗരകാര്യഡയറക്ടേറ്റിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് ഇൻക്രിമെന്റും ശമ്പള കുടിശ്ശികയും നൽകാനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 കാലി ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കുന്നില്ല

ഈരാറ്റുപേട്ട നഗരസഭയിൽ 2021-22 ൽ ഏറ്റെടുത്ത റോഡ് ടാറിംഗ് പ്രവൃത്തികളിൽ സീൽഡ് ബിറ്റുമിൻ ആണ് ഉൾപ്പെടുത്തയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ കാലി ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കി ബിറ്റുമിൻ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിൽ തിരിച്ചടക്കേണ്ടതുണ്ട്. ഏതാനും ടാറിംഗ് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകൾ പരിശോധിച്ചതിൽ കാലി ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ബിറ്റുമിൻ ഉപയോഗം കണക്കാക്കുകയോ കാലി ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രനം | പ്രോജക്ട്/നം | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|
| 1 | ജവാൻ റോഡ്, 91/2022 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 463761 |
| 2 | കുഴിവേലി ശാസ്താംകുന്ന് റോഡ്, 193/2022 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 246490 |
| 3 | കോളജ്പടി-കൊണ്ടൂർ | മെയിന്റനൻസ് ഗ്രാന്റ് | 193906 |

| | | | |
|---|---|---|---|
| | അമ്പലം പടി റോഡ്, 119/22 | (റോഡ്) | |
| 4 | ഫയർ സ്റ്റേഷൻ റോഡ് കടുക്കാപ്പറമ്പിൽ റോഡ്, 86/22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 229123 |
| 5 | വട്ടക്കയം വാഴമറ്റം റോഡ്,127/22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 507068 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/14-2-22) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിത പ്രവൃത്തികളുടെ ഫയൽ പുന പരിശോധിച്ച് ബിറ്റുമിൻ ഉപയോഗം കണക്കാക്കേണ്ടതും കാലി ബാരലിന്റെ വില ജി. എസ്. റ്റി. അടക്കം ഈടാക്കി ബാരൽ വില ബിറ്റുമിൻ വാങ്ങാനുപയോഗിച്ച ഫണ്ടിലും ജി എസ് റ്റി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-37 മണ്ണ് നിറക്കൽ പ്രവൃത്തി കരാറുകാരൻ അധിക തുക നല്കി

| | |
|---|---|
| പ്രോജക്റ്റ്/നം | വെളിയത്തു കണ്ടത്തിൽ റോഡ്, പുനരുദ്ധാരണം 58/22 |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 227216/-(ബിൽ നം 208/18 /03/2022) |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇനം 5 ആയി ചെയ്തിട്ടുള്ളത് 160.395 ഘന മീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഉറപ്പായ സ്ഥലത്തുള്ള മണ്ണ്ഫില്ലിംഗ് പ്രവൃത്തിയാണ്. ഡി. എസ്. ആർ. 2016 നൊപ്പം 37.93% കോസ്റ്റ് ഇൻഡക്സ് നല്കിയാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ഡി. എസ്. ആർ. സ്പെസിഫിക്കേഷൻ 2009, 1-27-1-2 പ്രകാരം ചെറിയ യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഫില്ലിംഗിന് കൺസോളിഡേഷൻ ഇനത്തിൽ 10% ( In Fills Consolidated By Light Mechanical Machinery ) കുറവ് വരുത്തി തുക നല്കിയാൽ മതി, മേൽ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ആകെ അളവിൽ 10% കുറച്ചുള്ള അളവിന് തുക നല്കിയാൽ മതിയാകും. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 156.80 ഘന മീറ്ററിന് ബിൽ തയ്യാറാക്കി നല്കിയ തുക @ 274.83+12% ജി എസ് റ്റി | 43093.344+5171.20= 48264.544 |
| 10% കിഴിച്ച് 141.12 ഘന മീറ്ററിന് നല്കാവുന്ന തുക @ 274.83+12% ജി എസ് റ്റി | 38784.00+4654.08= 43438.08 |
| അധികം നല്കിയത് | 4826.46 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/14-2-22) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് നല്കിയ അധിക തുക 4826/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ തിരിച്ച് അടക്കേണ്ടതാണ്.

1-38 റോഡിൽ കോൺക്രീറ്റ് പേവർ ബ്ലോക്ക് വിരിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ്/നം | വട്ടക്കയം വാഴമറ്റം റോഡ്, |

| | |
|---|---|
| | 127/2022 |
| കരാറുകാരൻ | റ്റി എ സുലൈമാൻ |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 507068/-(ബിൽ നം/തീ 23/22-3-22 ACR) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 ൽ ഏറ്റെടുത്ത മേൽ പ്രോജക്ടിൽ ഇനം 5 ആയി ചെയ്തിട്ടുള്ളത് 266.40 ച മീ 80 Mm ഇന്റർ ലോക്ക് ബ്ലോക്കുകൾ വിരിക്കുകയാണ്. ഇതിന് ച. മീ ന് 953.28/- രൂപ പ്രകാരം 253953.79 രൂപ + ജി എസ് റ്റി 12% കരാറുകാരന് നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

- MoRD സ്പെസിഫിക്കേഷൻ പ്രകാരം ആകെ ഉപയോഗിക്കുന്ന പേവർ ബ്ലോക്കുകളുടെ 5% ഭാവിയിലെ ആവശ്യത്തിനായി സ്റ്റാക്ക് ചെയ്യണമെന്ന് 1504.3 നിഷ്കർഷിക്കുന്നു ( IRC പ്രകാരം 1% മുതൽ 3% വരെ). ആയത് പാലിച്ചതു സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (23/14-2-22) മറുപടി നല്കിയില്ല. 5% പേവർ ബ്ലോക്കുകൾ സ്റ്റാക് ചെയ്തിട്ടില്ല എങ്കിൽ ആയതിന്റെ വില കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.
- MoRD സ്പെസിഫിക്കേഷൻ 1504.2.1 പ്രകാരം പേവർ ബ്ലോക്കുകൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് പാലിക്കേണ്ടതുണ്ട്. 1504-6-1 പ്രകാരം പേവർ ബ്ലോക്കുകൾ 28 ദിവസത്തെ കംപ്രസ്സീവ് സ്ട്രങ്ത് 8 ബ്ലോക്കിന് 30 Mpa യും ഒരു ബ്ലോക്കിന് 26 Mpa യിൽ കുറയരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ലാബ് റിപ്പോർട്ട് വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഭരണസമിതി വിഷയം പരിശോധിച്ച് പ്രവൃത്തിയിൽ ഗുണനിലവാരമുള്ള സാധനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-39 സ്മാർട്ട് ഗാർബാജ് മോണിട്ടറിംഗ് സിസ്റ്റം - പ്രോജക്ട് സംബന്ധിച്ച്

നഗര ദാരിദ്ര്യ നിർമ്മാർജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 242/22) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 673000/ രൂപ ( ബിൽ നമ്പർ 241/23.03.22) പിൻവലിച്ച് കെൽട്രോണിലേക്ക് അടവാക്കിയിട്ടുണ്ട്. സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങളിലാണ് തുക ഒടുക്കിയത്. ഖരമാലിന്യ സംസ്കരണത്തിനായി ഹരിതകേരളം മിഷൻ- ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിനു കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം- മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്, ക്ലീൻകേരള കമ്പനി മുഖേനയുള്ള പാഴ് വസ്തു ശേഖരണം, ഗാർഹിക - സ്ഥാപന- പൊതുസ്ഥലങ്ങളിൽ ജൈവ മാലിന്യ സംസ്കരണം തുടങ്ങിയ ശൃംഖലാ സംവിധാനം രൂപപെട്ടിട്ടുണ്ട്. ഈ സംവിധാനത്തിന് കീഴിലെ പ്രവർത്തനങ്ങൾ, പ്രായോഗിക തലത്തിലെ ന്യൂനതകൾ, ഓരോ തലങ്ങളിലേയും ഭൗതിക സാമ്പത്തിക നേട്ടങ്ങൾ അവയുടെ പുരോഗതി എന്നിവ വാർഡ് തലം മുതൽ സംസ്ഥാന തലം വരെ ഏകീകൃത ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്ററം. ഇതിന്റെ ആവശ്യത്തിലേക്കായി കെൽട്രോണിൽ നിന്നും 12000 Q R കോഡുകൾ വാങ്ങിയിട്ടുണ്ട്. എത്ര കെട്ടിടങ്ങളിൽ Q R കോഡുകൾ പതിപ്പിച്ചു എന്ന വിവരം ഫയലിൽ ലഭ്യമല്ല. ആകെ എത്ര കെട്ടിടങ്ങളാണ് ഉള്ളത് എന്ന വിവരവും, പ്രോജക്ട് പ്രകാരമുള്ള ഭൗതിക സാമ്പത്തിക നേട്ടങ്ങൾ അവയുടെ പുരോഗതി എന്നിവ വാർഡ് തലം മുതൽ സംസ്ഥാന തലം വരെ ഏകീകൃത ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/15.02.23 ന് ആകെ 14348 കെട്ടിടങ്ങളാണ് ഉള്ളത് എന്നും, 8907 കെട്ടിടങ്ങളിൽ Q R

കോഡുകൾ പതിപ്പിച്ച എന്നും ബാക്കി കെട്ടിടങ്ങളിൽ Q R കോഡുകൾ പതിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. മുഴുവൻ കെട്ടിടങ്ങളിലും Q R കോഡുകൾ പതിപ്പിച്ച് ഈ സംവിധാനത്തിന് കീഴിലെ പ്രവർത്തനങ്ങൾ, പ്രായോഗിക തലത്തിലെ ന്യൂനതകൾ, ഓരോ തലങ്ങളിലേയും ഭൗതിക സാമ്പത്തിക നേട്ടങ്ങൾ അവയുടെ പുരോഗതി എന്നിവ വാർഡ് തലം മുതൽ സംസ്ഥാന തലം വരെ ഏകീകൃത ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കുന്നതിന് സാധിച്ചാൽ മാത്രമേ പ്രോജക്ട് ലക്ഷ്യം കൈവരിക്കുകയുള്ളൂ. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 673000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 മീനച്ചിലാർ പുനർജ്ജനി - നഗരത്തിലെ ആറുകളും തോടുകളും വൃത്തിയാക്കൽ പ്രോജക്ട് സംബന്ധിച്ച്

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 245/22 ) പ്രകാരം 2021-22 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1299822/ രൂപ (ബിൽ നം.238/23.03.22=37465+ബിൽ നം.-303/31.03.2022=1262357) ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവ് നമ്പർ ഡി.എം. 1 -684 /2022 പ്രകാരമാണ് പ്രസ്തുത പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. 2018, 2019, 2021 എന്നീ വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് മീനച്ചിലാറിലും, കൈവഴികളിലും, കൈത്തോടുകളിലും, ചെക്ക് ഡാമുകളിലും അടിഞ്ഞുകൂടിയ എക്കലും, ചെളിയും, പാറക്കല്ലുകളും, നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക എന്നതാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പ്രളയം മൂലം നദികളുടെ കൈവഴികളിലും തോടുകളിലും ഒഴുക്കിന് തടസ്സമായി കാണുന്ന എക്കലും, ചെളിയും, മാലിന്യങ്ങളും പാറക്കല്ലുകളും, മാത്രമേ നീക്കം ചെയ്യാവൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ് എന്നും, വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഡി.എം. 1 -684 /2022 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിവിധ ഫണ്ടുകൾ ജലവിഭവ വകുപ്പിന്റെ ഫണ്ട് എന്നിവ വിനിയോഗിച്ചാണ് പ്രോജക്ട് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഫണ്ട് സ്വരൂപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 10.05.2022 ൽ മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ ഓഫീസർക്ക് അയച്ച E2- 1533/22 നമ്പർ കത്തിൽ മീനച്ചിലാറിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്ത നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 12.02.2022, 13.02.2022, 14.02.2022 എന്നീ മൂന്ന് ദിവസങ്ങളിലായി പ്രോജക്ടിന്റെ ഭാഗമായി നീക്കം ചെയ്തിട്ടുള്ള മണൽ, എക്കൽ, ചെളി, എന്നിവ തരം തിരിച്ച് 7 സ്ഥലങ്ങളിലായി സൂക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാകുന്നു. ഇത് പ്രകാരം 3152.60 എം.ക്യൂബ് എ – ക്ലാസ്സ്, 1643.50 എം.ക്യൂബ് ബി-ക്ലാസ്സ്, 13.50 എം.ക്യൂബ് സി-ക്ലാസ്സ് എന്നിങ്ങനെ ആകെ 4809.96 എം.ക്യൂബ് സാധനങ്ങൾ സംഭരിച്ചിട്ടുണ്ട്. ജില്ലാ ജിയോളജിസ്റ്റിന്റെ 16.05.22 ലെ 2832/ഡി.ഒ.വൈ/എം.എൽ/2018 നമ്പർ കത്തിലെ വിവരങ്ങൾ പ്രകാരം ശേഖരിച്ചിട്ടുള്ള മണൽ / ചെളി കൂനകൾ നഗരസഭ ചെയർപേഴ്സൺ നഗരസഭയിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ 4809.96 എം.ക്യൂബ് ( 9619.2 മെട്രിക് ടൺ ) സാധാരണ മണ്ണ് / ചെളിയുടെ ശേഖരം ഉണ്ട് എന്ന് കാണുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പത്തുലക്ഷം രൂപ അഡ്വാൻസ് നൽകിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം ആകെ 1027584 / രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ടിപ്പർ വാഹന വാടക ഇനത്തിൽ 489750/ രൂപയും ജെ.സി.ബി, ഹിറ്റാച്ചി വാടക ഇനത്തിൽ 419500/ രൂപയും ചെലവഴിച്ചിട്ടുണ്ട്. 12.03.2022 മുതൽ 21.03.2022 വരെ തീയതികളിലായി ഉപയോഗിച്ചതായുള്ള വൗച്ചറുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 10.05.2022 ൽ മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ ഓഫീസർക്ക് അയച്ച E2- 1533/22 നമ്പർ കത്തിൽ മീനച്ചിലാറിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്ത നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് . 12.02.2022, 13.02.2022, 14.02.2022 എന്നീ മൂന്ന് ദിവസങ്ങളിലായി പ്രോജക്ടിന്റെ ഭാഗമായി 4809.96

എം.ക്യൂബ് സാധനങ്ങൾ സംഭരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 14.03.22 മുതൽ 21.03.22 വരെ ജെ.സി.ബി, ഹിറ്റാച്ചി, ടിപ്പർ എന്നിവ ഉപയോഗിച്ചതിന്റെ വാടക നൽകിയിട്ടുണ്ട്. ഇത് പ്രകാരം 14.05.22 മുതൽ 21.03.22 വരെ സംഭരിച്ച സാധനങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

പ്രോജക്ടിൽ ഉൾപ്പെടുത്തി മണൽ വാരുന്ന സ്ഥലത്ത് അഞ്ച് സി സി റ്റി വി ക്യാമറ കൾ സ്ഥാപിച്ചതിന് Infinitoq Z Secure ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന് 37465/ രൂപയും, കാരക്കാട് സോണിൽ രണ്ട് സി സി റ്റി വി കായാമറകൾ സ്ഥാപിച്ചതിന് ഇതേ സ്ഥാപനത്തിന് 14986/ രൂപയും നൽകിയിട്ടുണ്ട്. നിലവിൽ ക്യാമറകൾ സ്ഥാപിച്ച സ്ഥലത്തുനിന്നും മാറ്റിയിട്ടുണ്ട്. വാങ്ങിയ 7ക്യാമറകളും നിലവിൽ എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരംവും ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/13.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ 7 ക്യാമറകളിൽ 3 ക്യാമറകൾ നഗരസഭയിൽ ഉപയോഗിക്കുന്നുണ്ട് എന്നും 4 ക്യാമറകൾ കേടാണ് എന്നും അറിയിച്ചു. കേടായ ക്യാമറകൾ വാറണ്ടി കാലയളവിലായതിനാൽ അടിയന്തിരമായി ആയവ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12.02.2022, 13.02.2022, 14.02.2022 എന്നീ മൂന്ന് ദിവസങ്ങളിലായാണ് പ്രോജക്ടിന്റെ ഭാഗമായി മീനച്ചിലാറിലും, കൈവഴികളിലും, കൈത്തോടുകളിലും, ചെക്ക് ഡാമുകളിലും അടിഞ്ഞുകൂടിയ എക്കലും, ചെളിയും, പാറക്കല്ലുകളും, നീക്കം ചെയ്തിട്ടുള്ളത് എന്നും 15.02.23 മുതൽ 21.02.23 വരെ തീയതികളിലായി മറ്റ് അവശിഷ്ടങ്ങൾ നീക്കിയതിനായാണ് ജെസിബി യും ടിപ്പറുകളും ഉപയോഗിച്ചിട്ടുള്ളതും എന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ 15.02.23 മുതൽ 21.02.23 വരെ തീയതികളിലായി പ്രോജക്ടിന്റെ ഭാഗമായി ഏതൊക്കെ പ്രവൃത്തികളാണ് നടത്തിയത്, ഇപ്രകാരം നീക്കം ചെയ്ത വസ്തുക്കൾ എന്തെല്ലാമാണ്, നീക്കം ചെയ്തത് എവിടേക്കാണ്, ഉപയോഗിച്ച വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് തുടങ്ങിയവയൊന്നും ഫയലിൽ ലഭ്യമല്ല, മറുപടിയിലും അറിയിച്ചിട്ടില്ല.

ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഡി.എം. 1 -684 /2022 നമ്പർ ഉത്തരവ് പ്രകാരം ജലനിർഗമന പാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന നിക്ഷേപങ്ങളുടെ തരവും അളവും കണ്ടെത്തി വില നിശ്ചയിച്ച് ലേലം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്ഥാപന സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ് എന്നും ലേലം ചെയ്ത് ലഭിക്കുന്ന തുകയുടെ 30% RMF 70% തദ്ദേശസ്ഥാപന ത്തിനും അവകാശപ്പെട്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പാക്കിയത്. എന്നാൽ ജില്ലാ കളക്ടറുടെ 23.01.2023 തീയതിയിലെ ഡി.എം. 1 684 /2022 നമ്പർ ഉത്തരവ് പ്രകാരം പുഴ പുനർജനി പദ്ധതിയുടെ ഭാഗമായി ജില്ലയിലെ നദികളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തി വിവിധ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മണൽ ചെളി മറ്റ് അവശിഷ്ടങ്ങൾ എന്നിവ ഇറിഗേഷൻ വകുപ്പ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയിട്ടുള്ള അടിസ്ഥാന വിലയെ ആധാരമാക്കി ഇ-ലേലം നടത്തുന്നതിന് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ മേജർ ഇറിഗേഷൻ ഡിവിഷൻ കോട്ടയത്തിനെ ചുമതലപ്പെടുത്തിയും ഇപ്രകാരം ലേലം ചെയ്യുന്ന വകയിൽ ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവിന് ഘടകവിരുദ്ധവും നഗരസഭയുടെ ഉത്തമ താൽപര്യങ്ങൾക്ക് എതിരുമാണ്. മേൽ വിഷയം എക്സിറ്റ് മീറ്റിംഗിൽ ഉന്നയിച്ചപ്പോൾ, മറ്റ് വകുപ്പുകൾ ഫണ്ട് ലഭ്യമല്ല എന്നറിയിച്ചതിനാലും, ലേലം ചെയ്യുമ്പോൾ തുക തിരികെ ലഭിക്കും എന്ന കളക്ടറുടെ ഉറപ്പിന്മേലുമാണ് പ്രോജക്ട് നടപ്പാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള മുഴുവൻ ചെലവും വഹിച്ചിട്ടുള്ളത് നഗരസഭയാണ്. പ്രോജക്ട് നിർവ്വഹണത്തിന് ജലവിഭവ വകുപ്പിന്റെ ഫണ്ട് ചെലവഴിക്കേണ്ടതാണ് എന്ന് ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്ന എങ്കിലും ഫണ്ടൊന്നും നൽകുന്നതിന് തയ്യാറാകാതെ മുഴുവൻ ചെലവും നഗരസഭയെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ മണൽ/എക്കൽ/ചെളി എന്നിവ ലേലം ചെയ്ത് ലഭിക്കുന്ന തുകയിൽ നിന്നും നഗരസഭയ്ക്ക് ചെലവായ തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകളും നടപടികളും നഗരസഭ അധികാരികൾ നടത്തേണ്ടതാണ്.

**1-41 അംഗനവാടികളിലും ഗവൺമെന്റ് ഓഫീസുകളിലും ബയോബിന്നുകൾ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ-ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ ചെക്ക് വിവരം |
|---|---|---|---|
| നമ്പർ 163/22, അംഗനവാടികളിലും ഗവൺമെന്റ് ഓഫീസുകളിലും ബയോബിന്നുകൾ | ധന. ഗ്രാന്റ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>സംസ്ഥാനാവിഷ്കൃത ഫണ്ട് | 45870/<br>38500/<br>21880 | 6/ 16.03.22<br>26232/28.3.22<br>26232/28.3.22 |

പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ അംഗനവാടികളിലും ഗവൺമെന്റ് ഓഫീസുകളിലും ബയോബിന്നുകൾ നൽകൽ (നമ്പർ 163/22) എന്ന പ്രോജക്ട് പ്രകാരം 106250/ രൂപ ചെലവഴിച്ച് 50 യൂണിറ്റ് ബയോബിന്നുകൾ യൂണിറ്റ് ഒന്നിന് 2125 രൂപ നിരക്കിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഏതൊക്കെ അംഗനവാടികളിൽ/ഗവൺമെന്റ് ഓഫീസുകളിലാണ് ബിന്നുകൾ വിതരണം ചെയ്തത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 03/10.02.22 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും കൈപ്പറ്റ് രസീതും ഹാജരാക്കി. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ 21.01.22-ൽ ബയോബിന്നുകൾ സപ്ലൈ ചെയ്തിരുന്നു. ലഭ്യമാക്കിയ കൈപ്പറ്റുകൾ പരിശോധിച്ചതിൽ കൈപ്പറ്റ് രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളത് വെറ്ററിനറി ഹോസ്പിറ്റൽ, ഐ.സി.ഡി.എസ് ഓഫീസ്, കുടുംബാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾ മാത്രമാണ്. ഐ.സി.ഡി.എസ് ഓഫീസ്, കുടുംബാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളത് ഓഡിറ്റ് തുടങ്ങിയ 08.02.2023 ലും, വെറ്ററിനറി ഹോസ്പിറ്റലിൽ 04.02.23 ലും മാത്രമാണ്. നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ അല്ലാത്ത വാട്ടർ അതോറിറ്റി, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, വില്ലേജ് ഓഫീസ്, പൊതുമരാമത്ത് റോഡ് വിഭാഗം, സബ്. ട്രഷറി, കെഎസ് ആർടിസി, തുടങ്ങിയ സർക്കാർ ഓഫീസുകളിലും ബയോബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഫീസുകളിൽ ബയോബിന്നുകളുടെ ആവശ്യകത സംബന്ധിച്ച് ആവശ്യകതാനിർണ്ണയം നടത്തിയിട്ടില്ല. ബയോബിന്നുകൾ ലഭിച്ച വില്ലേജ് ഓഫീസിൽ നേരിട്ട് സന്ദർശിച്ചപ്പോൾ പ്രസ്തുത ഓഫീസിൽ ബയോബിന്നുകൾ ആവശ്യമില്ല എന്നാണ് അറിയിച്ചത്. വെറ്ററിനറി ഹോസ്പിറ്റൽ, ഐ.സി.ഡി.എസ് ഓഫീസ്, കുടുംബാരോഗ്യകേന്ദ്രം, വില്ലേജ് ഓഫീസ്, പാറത്തോട് അംഗനവാടി. തോട്ടുമുക്ക് അംഗനവാടി എന്നിവിടങ്ങളിൽ നേരിൽ പരിശോധിച്ചതിൽ ഒരിടത്തുപോലും ബിന്നുകൾ ഉപയോഗപ്രദമാക്കിയിട്ടില്ല എന്ന് കണ്ടു. വിതരണ വിവരങ്ങൾ പ്രകാരം ഫാമിലി വെൽഫെയർ സെന്റർ കടുവാമൂഴിക്ക് നാല് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട് എങ്കിലും രണ്ട് യൂണിറ്റുകൾ ലഭ്യമായതിന്റെ കൈപ്പറ്റ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 50 യൂണിറ്റുകൾ വാങ്ങിയതിൽ 47 യൂണിറ്റുകൾ വിതരണം ചെയ്തതായും 3 യൂണിറ്റുകൾ മുൻസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായുമാണ് മറുപടി ലഭ്യമാക്കിയത്. മുൻസിപ്പൽ ഓഫീസിൽ വച്ചിരിക്കുന്ന 3 യൂണിറ്റുകൾ ഒന്നിൽ കടലാസ് വേസ്റ്റുകൾ ഇട്ട് കൗൺസിൽ ഹാളിന് പുറത്ത് വച്ചിരിക്കുന്നതായി കണ്ടു. ബയോവേസ്റ്റുകൾ ഇനാക്കുലം ഉപയോഗിച്ച് ഡിഗ്രേഡ് ചെയ്യുന്നതിനായി വാങ്ങിയ ബിന്നിൽ നഗരസഭ തന്നെ പേപ്പർ വേസ്റ്റുകൾ ഇടുന്നതിനായി വേസ്റ്റ് ബിൻ എന്ന നിലയിൽ ഉപയോഗിക്കുന്നു. മറ്റ് രണ്ട് യൂണിറ്റുകൾ നിലവിൽ ഉപയോഗിക്കുന്നില്ല. ആയത് മുൻസിപ്പൽ ഓഫീസിൽ ഉപയോഗിക്കുന്നതിനുള്ളതാണോ എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. 21.01.22 ലഭ്യമായ ബയോബിന്നുകൾ ഒരു വർഷത്തിന് ശേഷമാണ് വിതരണം ചെയ്തിട്ടുള്ളത് . അതിനാൽത്തന്നെ

ബിന്നുകൾ ലഭ്യമായ ഓഫീസുകൾക്ക് അവ ഉപയോഗപ്രദമാക്കുന്നതിന് സാധിച്ചിട്ടില്ല. ആവശ്യകതാ നിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും, പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിലും മേൽ പ്രോജക്ടിനായുള്ള 106250/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ബയോബിൻ വിതരണം- പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ

ബയോബിന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായി നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ വിവിധ പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ചെലവഴിച്ചതുക | ബിൽ നമ്പർ/ ചെക്ക് നമ്പർ | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 160/22 | ബയോബിൻ ഫേസ്- 1 | 917400/<br>770000/<br>437600/ | 2/12.01.22<br>026225/1.1.22<br>026225/1.1.22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | ആകെ | 2125000 | | |
| 2 | 161/22 | ബയോബിൻ ഫേസ്- 2 | 825660<br>693000<br>393840 | 1/12.01.22<br>026225/1.1.22<br>026225/1.1.22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | ആകെ | 1912500 | | |
| 3 | 162/22 | ബയോബിൻ ഫേസ്- 3 | 825660<br>693000<br>393840 | 4/19.2.22<br>26232/28.3.22<br>26232/28.3.22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | ആകെ | 1912500 | | |
| | | ആകെ മൊത്തം | 5950000 | | |

പ്രോജക്ടുകൾക്കായി ടെൻഡർ ക്ഷണിച്ചതിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്തു. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഒരു യൂണിറ്റിന് 2125/ രൂപയും, ദിനമിത്ര എന്ന സ്ഥാപനം ഒരു യൂണിറ്റിന് 1900/ രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. നഗരസഭാ കൗൺസിലിന്റെ 09.11.2021 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം അക്രഡിറ്റഡ് ഏജൻസി അല്ലാത്തതിനാലും ടെൻഡറിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോഡക്ട് ഗുണനിലവാരം കുറഞ്ഞതിനാലും അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചു. എന്നാൽ നിരസിച്ച സ്ഥാപനത്തിന്റെ പ്രോഡക്ട് സാമ്പിൾ വാങ്ങി പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/ 10.02.23 ന് സ്ഥാപനത്തിന്റെ സാമ്പിൾ ഗുണനിലവാരം ഇല്ലാത്തതിനാലാണ് ഒഴിവാക്കിയത് എന്നും സെക്രട്ടറി

മറുപടി ലഭ്യമാക്കി. എന്നാൽ സാമ്പിൾ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. പ്രൊക്യർമെന്റ് കമ്മറ്റി മിനിറ്റ്സും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ പ്രസ്താവിച്ച പ്രോജക്ടുകൾക്കായി ടെൻഡർ പരസ്യം നൽകിയ ഇനത്തിൽ 7404 /( 3702X2) രൂപ ചെലവഴിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങാനായിരുന്നു എങ്കിൽ പരസ്യ ഇനത്തിലുള്ള ചെലവ് ഒഴിവാക്കാമായിരുന്നു. പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം വകയിരുത്താത്തത് സംബന്ധിച്ച് വിശദീകരണം തേടിയതിനുള്ള മറുപടിയിൽ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണത്തിനായി നീക്കിവയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ജി.ഒ. (ആർ. റ്റി.) നമ്പർ 1337/20/ എൽ.എസി.ജി.ഡി. തീയതി 06.07.20 ഹാജരാക്കി മേൽ ഉത്തരവ് പ്രകാരം നഗരസഭകൾ തയ്യാറാക്കുന്ന ശുചിത്വ പ്രോജക്ടുകൾക്ക് (സ്വച്ഛ് ഭാരത് മിഷൻ( നഗരം) ഖരമാലിന്യ സംസ്കരണ ഡി പി ആറിൽ ഉൾപ്പെടാത്തവ) 06.03.20 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 45/20 തസ്വഭവ പ്രകാരമുള്ള സബ്സിഡി മാനദണ്ഡം ( 90% നഗരസഭാ വിഹിതം, 10% ഗുണഭോക്തൃ വിഹിതം ) എ.പി.എൽ/ബി.പി.എൽ , ഭേദമന്യേ തുടരാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ ഡി പി ആർ പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ ഡി പി ആറിൽ അംഗീകരിച്ചിട്ടുള്ള നിരക്കിൽ തന്നെ നിർവ്വഹണം നടത്താവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രസ്താവിച്ച പ്രോജക്ടുകൾ ഡി പി ആർ പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണെന്നോ, ഡി പി ആറിൽ അംഗീകരിച്ചിട്ടുള്ള നിരക്ക് സംബന്ധിച്ച വിശദാംശങ്ങളോ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല ഇതിനാൽ തന്നെ ഗുണഭോക്തൃ വിഹിതം വകയിരുത്തേണ്ടത് സംബന്ധിച്ച് വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല. വ്യക്തിഗത മാലിന്യ നിർമ്മാർജന പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരം 90% നഗരസഭാ വിഹിതവും 10% ഗുണഭോക്തൃ വിഹിതവും വകയിരുത്തി മാത്രം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-43 എയ്റോബിക് കമ്പോസ്റ്റ് ബിൻ വാങ്ങൽ - ഉപയോഗക്ഷമമല്ലാത്തത് സംബന്ധിച്ച്

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ തേവരുപാറ മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് എയ്റോബിക് കമ്പോസ്റ്റ് ബിൻ വാങ്ങൽ എന്ന പ്രോജക്ട് (256/22) നമ്പർ) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1440000/ രൂപ (ബിൽ നമ്പർ 284/ 30.3.22) ചെലവഴിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ റെയ്ഡ്കോയിൽ നിന്നും 8 മൂവബിൾ എയ്റോബിക് കമ്പോസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. സാധനം സപ്ലൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിഡ്കോയുടെ 30.03.22 ലെ KTM/1388/21-22 ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായതിൽ രണ്ട് എയ്റോബിക് കമ്പോസ്റ്റ് ബിൻ യൂണിറ്റുകൾ ഉപയോഗപ്രദമല്ല. ഒരു വർഷമായി ഈ രണ്ട് യൂണിറ്റുകളും ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. ഉപയോഗപ്രദമല്ലാത്ത രണ്ട് എയ്റോബിക് കമ്പോസ്റ്റ് ബിൻ യൂണിറ്റുകൾ ഉപയോഗപ്രദമാക്കുന്നതിനോ, മാറ്റി ലഭ്യമാക്കുന്നതിനോ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/13.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് 16.02.23 ൽ റെയ്ഡ്കോ ബ്രാഞ്ച് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു. അപാകത പരിഹരിക്കാത്ത സാഹചര്യത്തിൽ ഉപയോഗപ്രദമല്ലാത്ത രണ്ട് എയ്റോബിക് കമ്പോസ്റ്റ് ബിൻ യൂണിറ്റുകളുടെ വിലയായ 360000/ രൂപയുടെ (180000+180000) ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-44 ബെയ് ലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് ബെയ് ലിംഗ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ട് (206/22) നമ്പർ) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 660000/ രൂപ (ബിൽ നമ്പർ 283/30.3.22)ചെലവഴിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ റെയിഡ്കോയിൽ നിന്നും ബെയ് ലിംഗ് മെഷീൻ വാങ്ങിയിരുന്നു. മെഷീൻ സപ്ലൈ

ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിഡ്കോയുടെ 30.03.22 ലെ KTM/1389/21-22 ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ബെയ് ലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തന ക്ഷമമാക്കാതെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ കാണപ്പെട്ടു. ബെയ് ലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തന ക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 8/13.02.23) 2022-23 സാമ്പത്തിക വർഷം എംസി എഫ്, എം ആർ എഫ് സ്ഥാപിക്കുന്നതിന് പ്രോജക്ട് വെച്ചിട്ടുണ്ടെന്നും ഇതിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയതിന് ശേഷം മാത്രം നടത്തേണ്ട വാങ്ങൽ പ്രക്രിയ, പ്രസ്തുത സൗകര്യങ്ങൾ ഒന്നും ഒരുക്കാതെ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. ബെയ് ലിംഗ് മെഷീന്റെ വാറണ്ടി ഒരു വർഷത്തേക്കായിരുന്നു. വാറണ്ടി കാലയളവ് അവസാനിച്ചതിനാലും പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിലും മേൽ പ്രോജക്ടിനായുള്ള 660000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-45 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ സ്പിൽ ഓവർ ആയി നടപ്പാക്കിയ പ്രോജക്ടാണ് ഉറവിട മാലിന്യ സംസ്കരണം ഗാർഹിക ബക്കറ്റ്കംപോസ്റ്റ് സ്ഥാപിക്കൽ ബാക്കിതുക അനുവദിക്കൽ (നമ്പർ 209/22). മുൻവർഷം വാങ്ങിയ ഗാർഹിക ബക്കറ്റ്കംപോസ്റ്റ് യൂണിറ്റുകളുടെ ബാലൻസ് തുക നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ്. കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 107950/ രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 171721 രൂപയും ഗുണഭോക്തൃ വിഹിതം 73700/ രൂപയുമാണ് വകയിരുത്തിയിരുന്നത്. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്നും വകയിരുത്തിയ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. എന്നാൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിയതൊഴികെ തുകയൊന്നും നൽകിയിട്ടില്ല. പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങളും, മുൻവർഷത്തേതുൾപ്പടെ ആകെ പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്ന തുക എത്രയെന്നും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/ 14.02.23 ന് മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം സംബന്ധിച്ച് ലഭിച്ച മറുപടി പ്രകാരം മുഴുവൻ ഗുണഭോക്തൃ വിഹിതവും പിരിച്ചെടുത്തിട്ടില്ലാത്തതിനാലാണ് അടവാക്കാൻ സാധിക്കാത്തത് എന്നാണ് അറിയിച്ചത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ബക്കറ്റ്കംപോസ്റ്റ് ബിന്നുകൾ വിതരണം ചെയ്തത് ക്രമപ്രകാരമല്ല. അടിയന്തിരമായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ഒടുക്കി നഗരസഭയുടെ ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

### 1-46 മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ലാതെ വീട് മെയിന്റനൻസിന് തുക നൽകി

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് എസ്.സി.വിഭാഗം ആളുകൾക്ക് വീട് മെയിന്റനൻസ് (നമ്പർ 45/22). എസ്.സി.പി. ഫണ്ടിൽ നിന്നും നാലുലക്ഷം രൂപ (ബിൽ നമ്പർ 5/19.2.22= 90000, ബിൽ നമ്പർ 7/24.3.22-310000) ചെലവഴിച്ച് ഒരു ഗുണഭോക്താവിന് ഒരുലക്ഷം രൂപ വീതം നാല് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ എൽ എസ് ജി ഡി വിഭാഗം മൂല്യനിർണ്ണയം നടത്തി നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/ 14.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ് വെയറിൽ നിന്നാണ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് എടുത്തത് എന്നും അതിനാലാണ് ഇപ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്ന് കാണിച്ചിട്ടുള്ളത് എന്നാണ്. ഇത് ശരിയല്ല. ആദ്യം എടുത്ത ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് അതേ പടി പ്രിന്റ് എടുത്ത് ഫയലിൽ ഇടുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ ടാക്സ് ഇനം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ഭവനപുനരുദ്ധാരണം പോലുള്ള പ്രോജക്ടുകളിൽ ടാക്സ് പോർഷൻ വകയിരുത്തി ഫൈനൽ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതില്ല. അപാകത

ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 മരുന്ന് പൂർണ്ണമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ എഫ്.എച്ച്. സി, നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ തുക ഒടുക്കിയിരുന്നു എന്നാൽ ഒടുക്കിയ മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | 36/22- എഫ്.എച്ച്. സിയ്ക്ക് മരുന്ന് വാങ്ങൽ | 700000/ രൂപ | 27/21-22- 23.11.21 | 603686 / രൂപ | 96314 / രൂപ |
| 2 | 38/22 പാലിയേറ്റീവ് കെയർ പ്രോഗ്രാം | 217832 / രൂപ | 39/21-22 – 21.2.22 | 116059 രൂപ | 101773/ രൂപ |
| 3 | 74/22 ക്യാൻസർ കിഡ്നി രോഗികൾക്കുള്ള ചികിൽസാ സഹായം | 72400/ രൂപ 59897 | 40/21-22- 26.02.22<br>45/21-22- 26.02.22 | 45616 രൂപ<br>59541 രൂപ | 26784 / രൂപ<br>356 രൂപ |
| | ആകെ | | | | 225227/ രൂപ |

225227/ രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 225227/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരളാ സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോം കോ), മരുന്ന് വാങ്ങുന്നതിനായി പണം നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | ബിൽ നം | തുക | അക്കൗണ്ട് നം | അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | 35/21-22 | 01/21-22 07.12.21 | 4,00,000 | 34306403911 | 1,87,222/- |
| | ആകെ | | | | 1,87,222/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 1/09.02.23) മരുന്ന് ലഭ്യമായാലുടനെ വിവരം അറിയിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മരുന്നുകൾ

പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിൽ, ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിലയിനത്തിലുള്ള 187222/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-49 ജൈവ പച്ചക്കറികൃഷി പ്രോൽസാഹനം ഗ്രോബാഗ് വിതരണം- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നം. 20/22
അടങ്കൽ- 150000 രൂപ (112500- വികസന ഫണ്ട് + 37500- ഗുണഭോക്തൃവിഹിതം)
ചെലവ്- 150000 രൂപ (112500- വികസന ഫണ്ട്- ബിൽ നം. 4/21-22/ 28.1.22 + 37500- ഗുണഭോക്തൃവിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

ഈരാറ്റുപേട്ട നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം അഗ്രോ സർവ്വീസ് സെന്റർ തിടനാട് എന്ന സ്ഥാപനത്തിൽ നിന്നും 1875 ഗ്രോബാഗുകൾ വാങ്ങി 75 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. 25 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റാണ് ഓരോ കർഷകനും നൽകിയിട്ടുള്ളത്. ഒരു യൂണിറ്റിന്റെ ആകെ വില 2000 രൂപയാണ്. ഇതിൽ 1500 രൂപ നഗരസഭാ വിഹിതവും 500 രൂപ ഗുണഭോക്തൃവിഹിതവുമാണ്. പ്രോജക്ട് പ്രകാരം ശ്രീമതി ഷാജിന കെ. എ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിനും (അപേക്ഷ നം. 1), ശ്രീ അഷറഫ് എം. കെ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിനും (അപേക്ഷ നം. 63) ഓരോ യൂണിറ്റ് ഗ്രോബാഗുകൾ അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള 1527113376-ാം നമ്പർ റേഷൻ കാർഡ് പ്രകാരം ശ്രീമതി ഷാജിന കാർഡ് ഉടമയും ശ്രീ അഷറഫ് ഷാജിനയുടെ ഭർത്താവുമാണ് എന്ന് കാണുന്നു. അതായത് ഒരു വീട്ടിലെ രണ്ട് പേർക്ക് ഒരേ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകി. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17/14.02.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ രണ്ട് പേരുടെ പേരിലും സ്ഥലം ഉണ്ടായിരുന്നത് കൊണ്ടാണ് ഒരു വീട്ടിലെ രണ്ട് പേർക്ക് ഒരേ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയത് എന്ന് അറിയിച്ചു. ആയത് ശരിയായ നടപടി അല്ല. മറുപടി അംഗീകരിക്കുന്നില്ല. ശ്രീ അഷറഫ് എം. കെ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിന് അനുവദിച്ച 1500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-50 പി.എം.എ.വൈ ഭവനപദ്ധതി- ധനസഹായം തിരിച്ചടച്ചു- പലിശ ഈടാക്കിയത് കുറവ്

നഗരസഭയുടെ പി.എം.എ.വൈ ഭവനപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീമതി സുലൈഖ, കല്ലോലിൽ നടയ്ക്കൽ എന്ന ഗുണഭോക്താവിന് 28.11.2018 ൽ 30000 രൂപ മുൻകൂർ അനുവദിച്ചിരുന്നു. ടിയാൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 12.7.2021 ൽ 4650 രൂപ പലിശ ഉൾപ്പടെ 34650 രൂപ നഗരസഭയിൽ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ 30000 രൂപയ്ക്ക് 28.11.2018 മുതൽ 12.7.2021 വരെ 12 % നിരക്കിൽ 9600 രൂപ പലിശ ഈടാക്കേണ്ടതായിരുന്നു. പലിശ കുറവായി ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 39/16.2.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പലിശയിനത്തിൽ കുറവായി ഈടാക്കിയ 4950 രൂപ ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-51 പി.എം.എ.വൈ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

എ) ഭവനനിർമ്മാണം പൂർത്തിയാക്കാതെ പാതി വഴിയിൽ നിർത്തിയത്.

നഗരസഭയുടെ പി.എം.എ.വൈ ഭവനനിർമ്മാണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാതെ പാതി വഴിയിൽ നിർത്തിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | തീയതി | റിമാർക്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീമതി സുലൈഖ, പാലയംപറമ്പിൽ, നടയ്ക്കൽ | 30000, മുൻകൂർ | 28.11.2018 | 16.10.21, 22.4.22 തീയതികളിൽ കത്ത് നൽകി |
| 2 | ഐഷ സലീം, കൊരട്ടിപ്പള്ളിയിൽ, നടയ്ക്കൽ | 30000, മുൻകൂർ | 15.2.2019 | 16.10.21, 22.4.22 തീയതികളിൽ കത്ത് നൽകി |
| 3 | മിനിമോൾ. സി. കെ, നീണ്ടൂക്കുന്നേൽ, ഈരാറ്റുപേട്ട | 30000, മുൻകൂർ | 28.11.2018 | 16.10.21, 22.4.22 തീയതികളിൽ കത്ത് നൽകി |
| 4 | പത്മാവതി വിജയൻ, പുള്ളോലിൽ, കൊണ്ടൂർ | 30000, മുൻകൂർ 100000 രണ്ടാം ഗഡു | 25.4.2019 29.9.2020 | |
| 5 | സരിത കുട്ടിയച്ചൻ, പുള്ളോലിൽ, അരുവിത്തുറ | 30000, മുൻകൂർ 100000 രണ്ടാം ഗഡു. | 25.4.2019 10.6.2020 | |

മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ ക്രമ നമ്പർ 3-ലെ മിനിമോൾ. സി. കെ. എന്ന ഗുണഭോക്താവിന് ഈരാറ്റുപേട്ട സബ് രജിസ്ട്രാർ ഓഫീസിലെ 27.2.2010 ലെ 546-ാം നമ്പർ ആധാര പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള 75000 രൂപ ധനസഹായം ഉപയോഗിച്ച് വാങ്ങിയ വസ്തുവാണ്. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടികൾ സ്വീരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 38/16.2.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം അവർക്ക് നൽകിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) അവസാന ഗഡു കൈപ്പറ്റാനുള്ളവർ

<u>2019-20ൽ കരാർ വെച്ചവർ</u>

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ ധനസഹായം | അവസാനം കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|---|
| 1 | വിജയ് മോൻ പി. കെ, പാണൻപറമ്പിൽ | 350000 | 60000 | 21.08.2019 |
| 2 | ഓമന ഗോപാലൻ, പേഴുംകാട്ടിൽ | 350000 | 60000 | 31.01.2020 |
| 3 | അബ്ദുൾ സലാം, | 350000 | 60000 | 22.01.2020 |

| | | | | |
|---|---|---|---|---|
| | ഉന്നിയാങ്കൽ | | | |
| 4 | അബ്ദുൾ ഖാദർ കെ. ഇ, കാട്ടാമല | 350000 | 60000 | 14.10.2019 |
| 5 | അനസ് പി. ഇ, പാലിശ്ശേരിയിൽ | 350000 | 60000 | 30.10.2020 |
| 6 | ഗ്രേസി ജോയി, തെക്കേൽ | 350000 | 60000 | 14.10.2019 |
| 7 | ഐഷ ഹംസ, പാപ്പാലിൽ | 350000 | 60000 | 25.10.2019 |
| 8 | ജമീല റ്റി. എസ്, കൊന്നച്ചാടത്ത് | 350000 | 60000 | 14.10.2019 |
| 9 | മുജീബ് വി. എം, വേലംതോട്ടിൽ | 350000 | 60000 | 08.12.2020 |
| 10 | സഫീന ഷാഹുൽ, കാരയ്ക്കാട് | 350000 | 60000 | 14.10.2019 |
| 11 | ഫൈസൽ പി. പി, പുതുപ്പറമ്പിൽ | 350000 | 60000 | 09.04.2019 |

<u>2020-21 ൽ കരാർ വെച്ചവർ</u>

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ ധനസഹായം | അവസാനം കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|---|
| 1 | നവാസ് കെ. പി, പുത്തൻവീട് | 350000 | 60000 | 30.10.2020 |
| 2 | ഷാഹുൽ എം. ഇ, മുറിക്കോലിൽ | 350000 | 60000 | 26.10.2020 |
| 3 | ഹംസ കെ. എം, കാരയ്ക്കാട് | 350000 | 60000 | 03.05.2021 |
| 4 | സൈയ്യ അസീസ്, തൈപ്പറമ്പിൽ | 350000 | 60000 | 21.12.2020 |
| 5 | ഇർഷാദ് കെ. എ, കാവുപീടികയിൽ | 350000 | 60000 | 30.06.2020 |
| 6 | മുജീബ് കെ. എം, കാരയ്ക്കാട് | 350000 | 60000 | 18.03.2021 |
| 7 | അബ്ദുൾ കരീം, കുറുമുള്ളതടത്തിൽ | 350000 | 60000 | 30.06.2020 |
| 8 | ബഷീർ ഇ. എച്ച്, ഈറ്റില്ലക്കയം | 350000 | 60000 | 15.07.2020 |
| 9 | മുഹമ്മദ് സാലി വി. കെ, | 350000 | 60000 | 30.06.2020 |

| | വേലംതോട്ടിൽ | | | |
|---|---|---|---|---|

മുകളിൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഹൈപ്പർമാർക്കറ്റിന്റെ വസ്തുനികുതി-കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% വർദ്ധനവ് കണക്കാക്കിയില്ല-12,672/- രൂപയുടെ നികുതി നഷ്ടം

നഗരസഭ 20-ാം വാർഡിൽ പ്രവർത്തിക്കുന്ന വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ് എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി (200 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്) നിർണ്ണയിച്ചപ്പോൾ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. മാന്വലായി തയ്യാറാക്കിയ ഫാറം-6 ൽ കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനം ഉള്ളതായി ചേർത്തിട്ടുണ്ട്. എന്നാൽ 2021-22 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ പ്രസ്തുത വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 12,672/- രൂപ നികുതി നഷ്ടം സംഭവിച്ചു. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം./ഉടമ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി(140/- ചതുരശ്രുമീറ്ററിന്) | നിർണ്ണയിക്കേണ്ടത്(140/- ചതുരശ്രുമീറ്ററിന്) | നികുതി നഷ്ടം |
|---|---|---|---|---|
| 20/1340/A1 ജോബി ജോസഫ്, ഡയറക്ടർ, വിൻമാർട്ട് ഹൈപ്പർ മാർക്കറ്റ്, ഈരാറ്റുപേട്ട | Ground Floor-321.27 First-291.93 Second-291.93 ആകെ-905.13 | അടിസ്ഥാന നികുതി-126,718/- വഴി സൗകര്യം വർദ്ധനവ്(20%) -25,344/- തറ നിർമ്മിതി വർദ്ധന(15%) -19,008/- ആകെ -171,070/- LC(5%) - 8,554/- | അടിസ്ഥാന നികുതി-126,718/- വഴി സൗകര്യം വർദ്ധനവ്(20%) -25,344/- തറ നിർമ്മിതി വർദ്ധന(15%) -19,008/- എയർകണ്ടീഷൻ സംവിധാനം(10%) -12,672/- ആകെ -183,742/- LC(5%) - 9,187/- | നികുതിയിൽ കുറവ് (183742-171070) =12,672/- Library Cess 633/- |

നികുതി നിർണ്ണയത്തിലെ അപാകത മൂലം സംഭവിച്ച നികുതി നഷ്ടത്തിന് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2021-22/13.02.2023) നൽകിയതിന് നികുതി നിർണ്ണയ ഫോറം-6 പ്രകാരം കെട്ടിടത്തിന് കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് സംവിധാനമില്ല എന്നറിയിച്ചു. എന്നാൽ നഗരസഭ റവന്യൂ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ 14/02/2023-ൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ എയർ കണ്ടീഷനിങ്ങ് സംവിധാനം സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. മേൽപറഞ്ഞ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് 2021-22 വർഷത്തെ നികുതി നഷ്ടം 12,672/- ഉൾപ്പടെ ഈടാക്കി വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

### 2-2 ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല

നഗരസഭ 27-ാം വാർഡിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ വിവരം കൃത്യമായി കണക്കാക്കാതിരുന്നതിനാൽ നികുതി നഷ്ടം സംഭവിച്ചു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. ടി ഷോപ്പിങ്ങ് കോംപ്ലെക്സിലെ മുറികൾ XXVII/A1 മുതൽ XXVII/A24 വരെ 24 എണ്ണമായിട്ടാണ് നികുതി നിർണ്ണയിച്ചത്. അസസ്മെന്റ് ഫയലും കെട്ടിട കംപ്ലീഷൻ പ്ലാനും പരിശോധിച്ചതിൻ പ്രകാരം ആകെ 1726.54 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ XXVII/A17 ആയി നികുതി നിർണ്ണയിച്ച 309.23 ചതുരശ്രമീറ്റർ ഭാഗത്തിന് മാത്രമാണ് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയത്. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം-6 പ്രകാരം ടി കെട്ടിടത്തിലെ എല്ലാ അസസ്മെന്റുകളും കെട്ടിടങ്ങളുടെ തറ മേൽത്തരം തറ(ടൈൽസ്) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി കെട്ടിടത്തിന്റെ XXVII/A17 ഒഴികെയുള്ള സഞ്ചയ ഡേറ്റാബേസിൽ സാധാരണ തറ എന്നാണ് ചേർത്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി(90/- ചതുരശ്ര മീറ്ററിന്) | നിർണ്ണയിക്കേണ്ടത്(90/- ചതുരശ്ര മീറ്ററിന്) | നികുതി നഷ്ടം |
|---|---|---|---|---|
| XXVII<br>A1 മുതൽ<br>A24 വരെ<br>(A17 ഒഴികെ)<br>കൈക്കാരൻ,<br>സെന്റ്<br>ജോർജ്<br>ഫെറോന<br>ചർച്ച്,<br>ഈരാറ്റുപേട്ട | 1417.31<br>അടിസ്ഥാന<br>നികുതി-<br>1417.31*90<br>=127558 | അടിസ്ഥാന<br>നികുതി -<br>127,558/-<br>റോഡിന്റെ<br>അടിസ്ഥാനത്തിൽ<br>വർദ്ധനവ്(20%)<br>-25,512/-<br>ആകെ 153,070/- | അടിസ്ഥാന നികുതി -<br>127,558/-<br>റോഡിന്റെ<br>അടിസ്ഥാനത്തിൽ<br>വർദ്ധനവ്(20%)<br>-25,512/-<br>തറ നിർമ്മിതി<br>അടിസ്ഥാനത്തിൽ<br>വർദ്ധനവ്(20%)<br>-19,134/-<br>ആകെ 172,204/- | നികുതി<br>19,134/-<br>LC-957/- |

2021-22 വർഷം നികുതി നിർണ്ണയിക്കപ്പെട്ട മേൽപറഞ്ഞ പ്രകാരമുള്ള കെട്ടിടം മേൽത്തരം നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 19,134/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2021-22/13.02.2023) നൽകിയതിന് 24 എണ്ണം ഷട്ടർ മുറികളായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് 2021-22 വർഷത്തെ നികുതി നഷ്ടം 19,134/- രൂപയും ഈടാക്കി വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 95-ാം നം അങ്കണവാടി മെയിന്റനൻസ്&ബഡ്സ് സ്കൂൾ മെയിന്റനൻസ് ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ തുക ചെലവഴിച്ചു

| |
|---|
| ഫയൽ നം.E2-3171/21 |
| എം.ബുക്ക് നം. 42/18-19 |
| ടി.എസ് നം. 22002/21-22 |
| ചെക്ക് നം. 191408/25.5.21, തുക -200,000(വൗച്ചർ നം.22100126/3.6.21) |

95-ാം നം അങ്കണവാടി മെയിന്റനൻസ് & ബഡ്സ് സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായി 200,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 25.5.21 ൽ അഡ്വാൻസ് നൽകിയിരുന്നു. ടി പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അവസാനത്തെ 2 ഇനങ്ങൾ എം.ബുക്ക് പ്രകാരം ചെയ്തിട്ടില്ല. ആകെ വേലമൂല്യം 130168.95 രൂപയാണ്. ആകെ വേലമൂല്യത്തിൽ ലിമിറ്റ് ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ അഡ്വാൻസ് തുക പൂർണ്ണമായും ചെലവഴിച്ച് മസ്റ്റർറോളും, ബില്ലുകളും തയ്യാറാക്കിയ നടപടി ക്രമപ്രകാരമല്ല. 26.5.21 ൽ ചേർന്ന മുനിസിപ്പൽ കൗൺസിലിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് 14 കൗൺസിലർമാർ വിയോജനക്കുറിപ്പും രേഖപ്പെടുത്തിയിരുന്നു. 50,000/-രൂപയ്ക്ക് പെറ്റി വർക്കുകൾ തയ്യാറാക്കാനാണ് നഗരസഭയ്ക്ക് സർക്കാർ അനുമതിയുള്ളൂ. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പിലാക്കിയതിനും, ആകെ വേലമൂല്യത്തിൽ പരിമിതപ്പെടുത്താതെ 69831/ രൂപ (200000- 130168.95) എഞ്ചിനീയർക്ക് അധികമായി നൽകിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/14.02.2023) മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം, അഡ്വാൻസ് കൈപ്പറ്റിയ തുക മൂന്ന് മാസത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ രണ്ട് ലക്ഷം രൂപയിൽ ക്രമീകരിയ്ക്കാൻ അവശേഷിക്കുന്ന 69831 രൂപ പലിശ സഹിതം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

| |
|---|
| ഫയൽ നം. E-1800B |
| വൗച്ചർ നം. 22100162/15.6.21, തുക-50,000 രൂപ |
| ചെക്ക് നം.191429/15.6.21 |

മുനിസിപ്പൽ ഓഫീസ് മെയിന്റനൻസിനായി 50,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ടി തുക ക്രമീകരിച്ചതിന്റെയും, പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 40/16.2.23) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ ആയി കൈപ്പറ്റുന്ന തുക മൂന്ന് മാസത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. 50,000 രൂപ അഡ്വാൻസ് കൈപ്പറ്റിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പലിശ സഹിതം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 ജൈവ പച്ചക്കറികൃഷി പ്രോൽസാഹനം ഗ്രോബാഗ് വിതരണം- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നം. 20/22
അടങ്കൽ- 150000 രൂപ (112500- വികസന ഫണ്ട് + 37500- ഗുണഭോക്തൃവിഹിതം)
ചെലവ്- 150000 രൂപ (112500- വികസന ഫണ്ട്- ബിൽ നം. 4/21-22/ 28.1.22 + 37500- ഗുണഭോക്തൃവിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

ഈരാറ്റുപേട്ട നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം അഗ്രോ സർവ്വീസ് സെന്റർ തിടനാട് എന്ന സ്ഥപനത്തിൽ നിന്നും 1875 ഗ്രോബാഗുകൾ വാങ്ങി 75 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. 25 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റാണ് ഓരോ കർഷകനും നൽകിയിട്ടുള്ളത്. ഒരു യൂണിറ്റിന്റെ ആകെ വില 2000 രൂപയാണ്. ഇതിൽ 1500 രൂപ നഗരസഭാ വിഹിതവും 500 രൂപ ഗുണഭോക്തൃവിഹിതവുമാണ്. പ്രോജക്ട് പ്രകാരം ശ്രീമതി ഷാജിന കെ. എ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിനും (അപേക്ഷ നം. 1), ശ്രീ അഷറഫ് എം. കെ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിനും (അപേക്ഷ നം. 63) ഓരോ യൂണിറ്റ് ഗ്രോബാഗുകൾ അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള 1527113376-ാം നമ്പർ റേഷൻ കാർഡ് പ്രകാരം ശ്രീമതി ഷാജിന കാർഡ് ഉടമയും ശ്രീ അഷറഫ് ഷാജിനയുടെ ഭർത്താവുമാണ് എന്ന് കാണുന്നു. അതായത് ഒരു വീട്ടിലെ രണ്ട് പേർക്ക് ഒരേ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകി. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17/14.02.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ രണ്ട് പേരുടെ പേരിലും സ്ഥലം ഉണ്ടായിരുന്നത് കൊണ്ടാണ് ഒരു വീട്ടിലെ രണ്ട് പേർക്ക് ഒരേ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയത് എന്ന് അറിയിച്ചു. ആയത് ശരിയായ നടപടി അല്ല. മറുപടി അംഗീകരിക്കുന്നില്ല. ശ്രീ അഷറഫ് എം. കെ, മാമൂട്ടിൽ, നടയ്ക്കൽ എന്ന ഗുണഭോക്താവിന് അനുവദിച്ച 1500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 10.2.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടിനായി 2021-22 വർഷം ഈരാറ്റുപേട്ട നഗരസഭയ്ക്ക് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ഒന്നും ലഭിച്ചില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്

2021-22 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും നൽകിയിട്ടില്ല .

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

നഗരസഭയിലെ ലോൺ രജിസ്റ്റർ പ്രകാരം 31/03/2022 വരെ ആകെ 10.94 കോടി രൂപയാണ് KURDFC വായ്പയായി നഗരസഭയ്ക്ക് ലഭിച്ചത്. 2021-22 വർഷം നഗരസഭയ്ക്ക് KURDFC വായ്പയൊന്നും ലഭിച്ചിട്ടില്ല. തൻവർഷം വായ്പ സർക്കാർ ഗ്രാന്റ് സ്രോതസ്സിൽ കുറവ് ചെയ്ത് തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | 2021-22 | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത വായ്പ | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18/05/2018 | 94,813,333/- | ഇല്ല | 7,293,333/- | - | 87,520,000/- |

വികസന ഫണ്ടിൽ (General) നിന്നും 3,646,667/- രൂപയും വികസന ഫണ്ട് (SCSP) യിൽ 1,816,400/- രൂപയും മെയിന്റനൻസ് ഗ്രാന്റ്(Non-Road)-ൽ നിന്ന് 1,830,266/- രൂപയും ഉൾപ്പടെ ആകെ 7,293,333/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. മെയിന്റനൻസ് ഗ്രാന്റ് (Non-Road)-ൽ നിന്ന് കുറവ് ചെയ്ത 1,830,266/- രൂപ വായ്പ ശീർഷകത്തിൽ (330500201) അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ ടി തുകയുടെ തിരിച്ചടവ് പ്രതിഫലിച്ചിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത 2022-23 വർഷം തന്നെ പരിഹരിച്ച് വായ്പ ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഈരാറ്റുപേട്ട നഗരസഭയുടെ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 20 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ആസ്തി ഉള്ളതായി കാണുന്നു (കണക്ക് ശീർഷകം-420500100). 04/03/2016 ലെ സ.ഉ.(സാധാ) നം.1126/2016/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയതിൻ പ്രകാരമാണ് നഗരസഭ ഷെയർ വാങ്ങിയത്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 46(3) പ്രകാരം CLEAN KERALA COMPANY LIMITED ലഭ്യമാക്കിയ ഷെയർ സർട്ടിഫിക്കറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഷെയർ നൽകിയ കമ്പനി | CLEAN KERALA COMPANY LIMITED |
| കമ്പനി കോർപ്പറേറ്റ് ഐ.ഡി. | U90000KL2013SGC035624 |
| ഷെയർ ലെഡ്ജർ ഫോളിയോ | N-18 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 54 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 2000 എണ്ണം |
| ഷെയർ ഡിസ്റ്റിങ്റ്റീവ് നം. | 91516 മുതൽ 93515 വരെ |
| ഷെയർ എടുത്ത തീയതി | 26/12/2016 |
| 26/12/2016-ലെ ഷെയർ മൂല്യം | 20 ലക്ഷം രൂപ |

26/12/2016 തീയതിയിൽ 20 ലക്ഷം രൂപ മൂല്യമുണ്ടായിരുന്ന ഷെയർ 5 വർഷത്തിന് ശേഷവും അതേ മൂല്യത്തിൽത്തന്നെ നിൽക്കുന്നതായി 31/03/2022 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. 2020-21 വർഷം ഡിവിഡന്റായി ആകെ 1,500/- രൂപ ലഭിച്ചിരുന്നു. എന്നാൽ തൻ വർഷം ഈയിനത്തിൽ തുകയൊന്നും ലഭിച്ചതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കാണുന്നില്ല . 2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2021-22 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല.

ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക(Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൌണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല. ഷെയറിന്റെ മൂല്യം കൃത്യമായി ലഭ്യമാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്. നിലവിലെ ഷെയർ വാല്യൂ പത്രികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം 350200125 - Audit Recovery ശീർഷകത്തിൽ 17,999/- രൂപ വരവുണ്ട്. 9000/- രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുമുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം 13,999/- രൂപ (5000 രൂപ മുന്നിരിപ്പ് ഉൾപ്പടെ) തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട് . എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ വിശദാംശം ലഭ്യമല്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.
പഞ്ചായത്ത് ആയിരുന്ന കാലയളവിൽ പുറപ്പെടുവിച്ച റിപ്പോർട്ടുകളിൽ തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിശദാംശം ചുവടെ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01<br>2001-02 | ഭാഗം1<br>ഖ.3 | 2004-05 | 3-5(1) | ആധുനിക അറവുശാല നിർമ്മാണം-36.75 ലക്ഷം പ്രയോജന രഹിതം | നിയമസഭാ സമിതിയുടെ (2011-14)5-മത് റിപ്പോർട്ട് ഖ.34 പ്രകാരം ഫൈനൽ സെറ്റിൽമെന്റ് രേഖകൾ ഹാജരാക്കണം, പ്ലാന്റ് പ്രവർത്തനക്ഷമമാക്കണം |
| 2014-15 | | 2014-15 | 5-7.1<br>5-7.2 | മൃഗസംരക്ഷണ മേഖലയിലെ വകയിരുത്തൽ പരിമിതം | |
| | | | 5-7.14 | ആധുനിക കശാപ്പുശാല-സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല | |
| 2014-15 | | 2014-15 | 5-7.7 | ഉപകരണങ്ങളില്ലാത്ത മൃഗാശുപത്രി ലാബ് | |
| | | | 5-7.10 | മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങൽ തുക വകയുരുത്തില്ല | |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 133,237,288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109,732,342 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 31806 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 121331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2211699 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-11) | 12672 | | സുമയ്യബീവി, സെക്രട്ടറി |
| 2-2 (1-13) | 19134 | | സുമയ്യബീവി, സെക്രട്ടറി |
| 3-1 (1-33) | | 69831 | ശ്രീ. ഷിബു സി എസ്, അസി.എഞ്ചിനീയർ |
| 3-2 (1-34) | | 50000 | ശ്രീ. ഷിബു സി എസ്, അസി.എഞ്ചിനീയർ |
| 3-3 (1-49) | | 1500 | ശ്രീമതി രമ്യ ആർ, കൃഷി ഓഫീസർ |
| ആകെ | 31806/- | 121331/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 673000 | ശ്രീ.നാസർ സി എ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-41 | 106250 | ശ്രീ.നാസർ സി എ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-43 | 360000 | ശ്രീ.നാസർ സി എ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-44 | 660000 | ശ്രീ.നാസർ സി എ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-47 | 225227 | ഡോ.മഞ്ചി മാത്യൂ പവ്വത്തിൽ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-48 | 187222 | ഡോ.ജോസഫ് കെ എം, മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ഈരാറ്റുപേട്ട |
| ആകെ | 2211699/ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിബു സി എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ Lsgd സെക്ഷൻ, ഈരാറ്റുപേട്ട | ശ്രീനന്ദനം മങ്ങാട്ട്കവല തൊടുപുഴ |
| സുമയ്യബീവി, മുനി.സെക്രട്ടറി | മുനി.സെക്രട്ടറി ഈരാറ്റുപേട്ട | ഷിയർമൻസിൽ കണിയാപുരം പി ഒ വെട്ടുറോഡ് തിരുവനന്തപുരം-695301 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 01/11/2015-31/03/2016 | കെ.എസ്.എ.-കെ.ടി.എം.പി8/91/2017 | 42 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി17/1517 /2017/ 19.02.2018 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി17/191 /2019/ 21.03.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി17/108 /2020/ 23.10.2020 | 56 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി17/158/22/ 22.03.2022 | 30 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി17/159 /2022/ 30.03.2022 | 52 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്